# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറുതാഴം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ എസ് എ/കെഎൻ ആർ /സി2-233/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 12/04/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുതാഴം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 3-1 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ/കെഎൻ ആർ /സി2-233/2022 തീയ്യതി: 12/04/2022

## കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-03-2020 മുതൽ 31-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സാബു പി എസ് | ഡെപ്യൂട്ടി ഡയറക്ടർ | 03-02-2022 | 11-02-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-02-2022 | 11-02-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സിന്ധു.ടി.പി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

ഗണേശൻ കേളോത്ത്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

അനു അബ്രഹാം, ഓഡിറ്റർ

ശ്രീനാഥ്. വി. , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പ്രഭാവതി.പി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.മരിയ ഗൊറോത്തി | സെക്രട്ടറി | 01-04-2019 | 02-05-2019 |
| ശ്രീ.ഷാജ്. ടി. ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-05-2019 | 15-07-2019 |
| ശ്രീ.സി.എം.ഹരിദാസ് | സെക്രട്ടറി | 16-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.കവിത.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.രഘുനാഥൻ.പി | വി ഇ ഒ,മണ്ടൂർ | 01-04-2019 | 07-07-2019 |
| ശ്രീമതി.സ്മിത.പി | വി ഇ ഒ,മണ്ടൂർ | 08-07-2019 | 31-03-2020 |
| ശ്രീമതി.രജിത രാഘവൻ | വി ഇ ഒ , ചെറുതാഴം | 01-04-2019 | 30-10-2019 |
| ശ്രീമതി.സ്മിത.പി | വി ഇ ഒ , ചെറുതാഴം | 31-10-2019 | 27-11-2019 |
| ശ്രീമതി.ഗിരിജ.എ | വി ഇ ഒ , ചെറുതാഴം | 28-11-2019 | 05-02-2020 |
| ശ്രീ.ജിതേഷ്.പി.കെ | വി ഇ ഒ , ചെറുതാഴം | 06-02-2020 | 31-03-2020 |
| ശ്രീമതി.രമ കുറ്റിക്കാട്ടിൽ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.നാരായണൻ.പി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ഹരികുമാർ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ.ദാമോദരൻ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ഡോ.രഞ്ജിത്ത് കുമാർ. ടി | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി | 01-04-2019 | 31-03-2020 |
| ഡോ.ബിന്ദു | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീ.ഷാജ്. ടി ആർ | അസിസ്റ്റന്റ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | സെക്രട്ടറി | | |
| ശ്രീ.ദിജേഷ്.കെ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sindhu T P (Audit Officer, On 09-02-2022)<br>Last Updated By: Sindhu T P (Audit Officer, On 01-04-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Sindhu T P (Audit Officer, On 09-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-04-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Sindhu T P (Audit Officer, On 11-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sindhu T P (Audit Officer, On 09-02-2022)<br>Last Updated By: Sindhu T P (Audit Officer, On 01-04-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Sindhu T P (Audit Officer, On 09-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Sindhu T P (Audit Officer, On 08-02-2022)<br>Last Updated By: Sindhu T P (Audit Officer, On 08-02-2022) | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി<br>Written By: Sindhu T P (Audit Officer, On 11-02-2022)<br>Last Updated By: Sindhu T P (Audit Officer, On 03-04-2022) | 1-6 |
| 8 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി- നടപടിക്രമങ്ങളിൽ ഗുരുതര വീഴ്ച്ച- രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല<br>Written By: Sindhu T P (Audit Officer, On 11-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-6-1 |
| 9 | സൈറ്റ് ഡയറി യഥാവിധി സൂക്ഷിച്ചിട്ടില്ല<br>Written By: Sindhu T P (Audit Officer, On 11-02-2022)<br>Last Updated By: Sindhu T P (Audit Officer, On 11-02-2022) | 1-6-2 |
| 10 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി- പുറച്ചേരി സ്കൂളിൽ മഴവെള്ള സംഭരണി- അപാകങ്ങൾ<br>Written By: Sindhu T P (Audit Officer, On 11-02-2022)<br>Last Updated By: Sindhu T P (Audit Officer, On 26-02-2022) | 1-6-3 |
| 11 | പൊതുഭൂമിയിൽ വനവല്ക്കരണം-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: Sindhu T P (Audit Officer, On 11-02-2022)<br>Last Updated By: Sindhu T P (Audit Officer, On 01-04-2022) | 1-6-4 |
| 12 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി -അംഗീകാരം വാങ്ങാതെ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ചതും മറ്റ് അപാകങ്ങളും<br>Written By: Sindhu T P (Audit Officer, On 11-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-04-2022) | 1-6-5 |
| 13 | ക്ഷേമ പദ്ധതികൾ<br>Written By: Sindhu T P (Audit Officer, On 09-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-7 |
| 14 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം-അപാകങ്ങൾ<br>Written By: Sindhu T P (Audit Officer, On 13-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-04-2022) | 1-7-1 |
| 15 | ക്യാഷ് പരിശോധന<br>Written By: Sindhu T P (Audit Officer, On 09-02-2022)<br>Last Updated By: Sindhu T P (Audit Officer, On 09-02-2022) | 1-8 |

| | | |
|---|---|---|
| 16 | ആഭ്യന്തര നിയന്ത്രണം<br>Written By: Sindhu T P (Audit Officer, On 11-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-04-2022) | 1-9 |
| 17 | ഗ്രാമസഭ<br>Written By: Sindhu T P (Audit Officer, On 11-02-2022)<br>Last Updated By: Sindhu T P (Audit Officer, On 11-02-2022) | 1-10 |
| 18 | കമ്മിറ്റികളുടെ പ്രവർത്തനം<br>Written By: Sindhu T P (Audit Officer, On 11-02-2022)<br>Last Updated By: Sindhu T P (Audit Officer, On 01-04-2022) | 1-11 |
| 19 | വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ്-അപാകതകൾ<br>Written By: SREENATH V (Auditor, On 11-02-2022)<br>Last Updated By: Sindhu T P (Audit Officer, On 12-02-2022) | 1-12 |
| 20 | കെട്ടിട നികുതി നിർണ്ണയത്തിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 11-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-04-2022) | 1-13 |
| 21 | അനധികൃത കെട്ടിട നിർമ്മാണം - നിശ്ചിത മാതൃകയിലുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: SREENATH V (Auditor, On 11-02-2022)<br>Last Updated By: Sindhu T P (Audit Officer, On 01-04-2022) | 1-14 |
| 22 | റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.<br>Written By: SREENATH V (Auditor, On 11-02-2022)<br>Last Updated By: Sindhu T P (Audit Officer, On 12-02-2022) | 1-15 |
| 23 | നിലവിലുള്ള കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾക്ക് പെർമിറ്റ് ഫീസ് കുറവായി ഈടാക്കി<br>Written By: SREENATH V (Auditor, On 11-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-16 |
| 24 | കെട്ടിട നിർമാണ പെർമിറ്റ് രജിസ്റ്ററിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 11-02-2022)<br>Last Updated By: SREENATH V (Auditor, On 11-02-2022) | 1-17 |
| 25 | മൊബൈൽ ടവർ പെർമിറ്റ് നൽകിയത് - തുടർനടപടി സ്വീകരിക്കാത്തത്<br>Written By: SREENATH V (Auditor, On 11-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-18 |
| 26 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ<br>Written By: SREENATH V (Auditor, On 11-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-19 |
| 27 | ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.<br>Written By: SREENATH V (Auditor, On 11-02-2022)<br>Last Updated By: Sindhu T P (Audit Officer, On 01-04-2022) | 1-20 |
| 28 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 11-02-2022)<br>Last Updated By: Sindhu T P (Audit Officer, On 01-04-2022) | 1-21 |
| 29 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മുറികളുടെ വാടക ഈടാക്കിയതിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 11-02-2022)<br>Last Updated By: Sindhu T P (Audit Officer, On 01-04-2022) | 1-22 |
| 30 | ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ - രേഖകൾ അപൂർണ്ണം<br>Written By: Sindhu T P (Audit Officer, On 11-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-23 |
| 31 | വാർഷിക സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട് | 1-24 |

| | | |
|---|---|---|
| | തയ്യാറാക്കിയിട്ടില്ല<br>Written By: Sindhu T P (Audit Officer, On 11-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | |
| 32 | പത്രപരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല.<br>Written By: Anu Abraham (Auditor, On 11-02-2022)<br>Last Updated By: Sindhu T P (Audit Officer, On 01-04-2022) | 1-25 |
| 33 | പൊതുടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കൽ-വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.<br>Written By: Anu Abraham (Auditor, On 11-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-26 |
| 34 | അങ്കണവാടികൾക്ക് കുഴൽ കിണർ നിർമ്മാണം-രേഖകൾ ലഭ്യമാക്കിയിട്ടില്ല.₹90,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Anu Abraham (Auditor, On 11-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-27 |
| 35 | അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ച് മാറ്റുന്നതിന് ₹6500 ചെലവഴിച്ചു.തുടർനടപടികൾ വ്യക്തമല്ല.<br>Written By: Anu Abraham (Auditor, On 11-02-2022)<br>Last Updated By: Sindhu T P (Audit Officer, On 01-04-2022) | 1- 28 |
| 36 | പഞ്ചായത്ത് ഓഫീസിലേക്ക് ഫോട്ടോ കോപ്പിയർ വാങ്ങൽ-ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.₹1,29,200 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Anu Abraham (Auditor, On 11-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-29 |
| 37 | ഏഴിലോട് വയോജന വിശ്രമ കേന്ദ്രത്തിലേക്ക് ഫർണിച്ചർ വാങ്ങൽ -ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.₹95,380 തടസ്സപ്പെടുത്തുന്നു.<br>Written By: Anu Abraham (Auditor, On 11-02-2022)<br>Last Updated By: Sindhu T P (Audit Officer, On 12-02-2022) | 1-30 |
| 38 | ഐ.കെ.എം ന് വിഹിതം നൽകൽ-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Anu Abraham (Auditor, On 11-02-2022)<br>Last Updated By: Sindhu T P (Audit Officer, On 01-04-2022) | 1-31 |
| 39 | പിലാത്തറ മത്സ്യമാർക്കറ്റിലെ മലിനജലം നീക്കം ചെയ്യുന്നതിന് തനത് ഫണ്ടിൽ നിന്നും ക്രമ പ്രകാരമല്ലാതെ തുക അനുവദിക്കുന്നു<br>Written By: Anu Abraham (Auditor, On 11-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-32 |
| 40 | സ്ട്രീറ്റ് ലൈറ്റ് വാർഷിക അറ്റകുറ്റപ്പണിക്ക് കരാറിൽ ഏർപ്പെടൽ -അപാകങ്ങൾ-440000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു<br>Written By: Anu Abraham (Auditor, On 11-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-33 |
| 41 | പട്ടികജാതി കോളനികളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ -അപാകങ്ങൾ-4,77,786രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.<br>Written By: Anu Abraham (Auditor, On 11-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-34 |
| 42 | പട്ടികജാതി വയോജനങ്ങൾക്ക് കട്ടിൽ വിതരണം-അപാകങ്ങൾ-83520രൂപയുടെ ചെലവ് തടസത്തിൽ | 1-35 |

| | | |
|---|---|---|
| | വെക്കുന്നു.<br>Written By: Anu Abraham (Auditor, On 11-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | |
| 43 | പച്ചക്കറി തൈ അടങ്ങിയ മൺചട്ടി വിതരണം-നടപടിക്രമം പാലിച്ചിട്ടില്ല-17ലക്ഷം രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.<br>Written By: Ganesan Keloth (Asst. Audit Officer, On 11-02-2022)<br>Last Updated By: Sindhu T P (Audit Officer, On 01-04-2022) | 1-36 |
| 44 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ-എൽ എസ് ജി ഡി എഞ്ചിനീയർ മൂല്യനിർണയം നടത്തിയതിനേക്കാൾ കൂടുതൽ തുക നൽകി.<br>Written By: Ganesan Keloth (Asst. Audit Officer, On 11-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-37 |
| 45 | പടന്നപ്പുറം ശ്മശാനം നിർമ്മാണം-പദ്ധതി പ്രവർത്തനക്ഷമമാക്കിയില്ല.<br>Written By: Ganesan Keloth (Asst. Audit Officer, On 11-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-38 |
| 46 | ആസൂത്രണത്തിലെ പിഴവ് മൂലം പഞ്ചായത്ത് ഓഫീസിൽ ലിഫ്റ്റ് പ്രവൃത്തി പ്രാവർത്തികമായില്ല.<br>Written By: Ganesan Keloth (Asst. Audit Officer, On 11-02-2022)<br>Last Updated By: Sindhu T P (Audit Officer, On 03-04-2022) | 1-39 |
| 47 | മൃഗസംരക്ഷണ മേഖലയിൽ പ്രോജക്ട് നിർവ്വഹണം കാര്യക്ഷമമായില്ല<br>Written By: Ganesan Keloth (Asst. Audit Officer, On 11-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-40 |
| 48 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നല്കി -20266.5രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു<br>Written By: SREENATH V (Auditor, On 11-02-2022)<br>Last Updated By: Sindhu T P (Audit Officer, On 03-04-2022) | 1-41 |
| 49 | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ - 14851രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: SREENATH V (Auditor, On 11-02-2022)<br>Last Updated By: Sindhu T P (Audit Officer, On 03-04-2022) | 1-42 |
| 50 | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് ഹെമറ്റോളജി അനലൈസർ വാങ്ങൽ -169920രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.<br>Written By: SREENATH V (Auditor, On 11-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-43 |
| 51 | പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ & ലാബിന് വേണ്ട സാധനങ്ങൾ വാങ്ങൽ -രേഖകൾ ഹാജരാക്കിയില്ല -100000രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.<br>Written By: SREENATH V (Auditor, On 11-02-2022)<br>Last Updated By: Sindhu T P (Audit Officer, On 03-04-2022) | 1-44 |
| 52 | സാന്ത്വന പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ<br>Written By: SREENATH V (Auditor, On 11-02-2022)<br>Last Updated By: Sindhu T P (Audit Officer, On 12-02-2022) | 1-45 |
| 53 | ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് സൗജന്യ മരുന്ന് വിതരണം -മുഴുവൻ മരുന്നുകളും ലഭ്യമായില്ല<br>Written By: SREENATH V (Auditor, On 11-02-2022)<br>Last Updated By: Sindhu T P (Audit Officer, On 12-02-2022) | 1-46 |
| 54 | വിതരണം ചെയ്യാത്ത സാധനത്തിന്റെ വില നല്കി- 27440 | 1-47 |

| | | |
|---|---|---|
| | രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല<br>Written By: Sindhu T P (Audit Officer, On 11-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | |
| 55 | അംഗൻവാടി പോഷകാഹാരം- സപ്ലൈകോ വിതരണം ചെയ്യുന്നത് ബ്രാൻഡഡ് സാധനങ്ങൾ-ഗ്രാമപഞ്ചായത്തിന് അധിക ബാധ്യത വരുന്നു<br>Written By: Sindhu T P (Audit Officer, On 11-02-2022)<br>Last Updated By: Sindhu T P (Audit Officer, On 03-04-2022) | 1-48 |
| ഭാഗം 2 | | |
| 1 | നിലവിലുള്ള കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾക്ക് പർമ്മിറ്റ് ഫീസ് കുറവായി ഈടാക്കി-207 രൂപ വരവു നഷ്ടം<br>Written By: Sindhu T P (Audit Officer, On 01-04-2022)<br>Last Updated By: Sindhu T P (Audit Officer, On 01-04-2022) | 2-1 |
| 2 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവു വന്നത്-150രൂപ വരവു നഷ്ടം<br>Written By: Sindhu T P (Audit Officer, On 01-04-2022)<br>Last Updated By: Sindhu T P (Audit Officer, On 01-04-2022) | 2-2 |
| ഭാഗം 3 | | |
| 1 | വിതരണം ചെയ്യാത്ത സാധനത്തിന്റെ വില നല്കി-27440രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല<br>Written By: Sindhu T P (Audit Officer, On 11-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 3-1 |
| ഭാഗം 4 | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sindhu T P (Audit Officer, On 11-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sindhu T P (Audit Officer, On 11-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 11-02-2022)<br>Last Updated By: Sindhu T P (Audit Officer, On 11-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 11-02-2022)<br>Last Updated By: Sindhu T P (Audit Officer, On 11-02-2022) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Sindhu T P (Audit Officer, On 12-02-2022)<br>Last Updated By: Sindhu T P (Audit Officer, On 03-04-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ,ഇൻവെസ്റ്റ്മെന്റുകൾ<br>Written By: Sindhu T P (Audit Officer, On 12-02-2022)<br>Last Updated By: Sindhu T P (Audit Officer, On 03-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sindhu T P (Audit Officer, On 12-02-2022)<br>Last Updated By: Sindhu T P (Audit Officer, On 12-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sindhu T P (Audit Officer, On 12-02-2022)<br>Last Updated By: Sindhu T P (Audit Officer, On 03-04-2022) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sindhu T P (Audit Officer, On 12-02-2022)<br>Last Updated By: Sindhu T P (Audit Officer, On 12-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sindhu T P (Audit Officer, On 12-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-04-2022) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sindhu T P (Audit Officer, On 11-02-2022)<br>Last Updated By: Sindhu T P (Audit Officer, On 11-02-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 21.02.2019 തീയതിയിലെ 16/2019 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | 1,59,76,950 |
| വരവ് | 13,49,82,800 |
| ആകെ | 15,09,59,750 |
| ചെലവ് | 13,15,35,412 |
| നീക്കിയിരിപ്പ് | 1,94,24,338 |

ഭരണ സമിതി മിനട്സിൽ നീക്കിയിരിപ്പ് 2950238 രൂപ എന്നും വരവ് 134485650 രൂപ എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ രേഖപ്പെടുത്തിയത് പ്രകാരം കണക്ക കൂട്ടുമ്പോൾ മേൽ പട്ടികയിൽ രേഖപ്പെടുത്തിയ തുകയാണ് വരുന്നത്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 02.02.19 ലെ 16/19 നമ്പർ തീരുമാനപ്രകാരം തയ്യാറാക്കിയ ബജറ്റിലും കണക്ക കൂട്ടിയതിൽ പിഴവുകൾ വന്നിട്ടുണ്ട്. ആയതിൽ മുന്നിരിപ്പ് 1,59,76,950 രൂപ എന്നും നികുതി നികുതിയേതര വരവുകളും ഗ്രാന്റുകളും ഋണശീർഷ കണക്കുകളും ഉൾപ്പെടെ വരവ് 13,49,82,700രൂപ (ചേർത്തത് 13,44,85,650രൂപ) എന്നും ചെലവ് 13,15,35,412രൂപ എന്നും നീക്കിയിരിപ്പ് 2950238 രൂപ എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രിന്റ് ചെയ്ത ബജറ്റ് കോപ്പിയിലും ഇതേ അപാകങ്ങൾ ആവർത്തിക്കുന്നു. ബജറ്റ് തയ്യാറാക്കുമ്പോൾ ഇത്തരം അപാകങ്ങൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പാസാക്കി നല്കുന്ന ബജറ്റ് അതേപടി അവതരിപ്പിക്കുകയും അടുത്ത മീറ്റിംഗിൽ അംഗീകരിക്കുകയുമാണ് ചെയ്തത്. ബജറ്റ് ചർച്ചകൾ മിനട്സ് ചെയ്യപ്പെട്ടിട്ടില്ല.ജന്റർ ബജറ്റും പെർഫോമൻസ് ബജറ്റും തയ്യാറാക്കിയിട്ടില്ല.

ഘടകസ്ഥാപനങ്ങളുടെ നോൺപ്ലാൻ ഹെഡിനത്തിലുള്ള ബജറ്റ് നിർദ്ദേശങ്ങൾ സ്വീകരിച്ച് ക്രോഡീകരിച്ചതായി മിനട്സ് ചെയ്യപ്പെട്ടിട്ടില്ല. ബജറ്റ് ഫയൽ കൃത്യമായി സൂക്ഷിക്കേണ്ടതും ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് പ്രസ്തുത മാന്വലിൽ നിർദ്ദേശിച്ച സമയപരിധിക്കകം വിവിധ നടപടിക്രമങ്ങളിലൂടെ കടന്നു പോകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 01.07.2020 | തിരിച്ചയച്ചിട്ടില്ല |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.06.2020 തീയതിയിലെ 2/20 നമ്പർ തീരുമാന പ്രകാരമാണ് വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചത്.

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1.വികസന ഫണ്ട് - ജനറൽ - വാർഷിക ധനകാര്യ പത്രിക ഐ 6 ,ആർ പി 7 ഷെഡ്യൂളുകൾ പ്രകാരം
8934086രൂപയും എ സി ആർ , സുലേഖ ചെലവു പത്രികകൾ പ്രകാരം 10309086 രൂപയുമാണ്.
13,75,000 രൂപയുടെ വ്യത്യാസം വരുന്നുണ്ട്.

2.സംരക്ഷണ ഗ്രാന്റ് റോഡിതരം- എസിആർ പ്രകാരമുള്ള തുക 30,07,554രൂപയും വാർഷിക ധനകാര്യ
പത്രികയിലെ ഐ 6, ആർ പി 7 ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയ തുക 2994314 രൂപയുമാണ്.
13240 രൂപയുടെ വ്യത്യാസം വന്നിട്ടുണ്ട്.

3.എ.സി.ആർ പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിൽ 20,30,000 രൂപ മുന്നിരിപ്പുണ്ട്(10,30,000 + 4749935 – 3749935 = 20,30,000). എന്നാൽ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബി 4 ഷെഡ്യൂളിൽ 963058 രൂപയാണ് നീക്കിയിരിപ്പായി രേഖപ്പെടുത്തിയത്. ഇതിൽ 2018-19 സാമ്പത്തിക വർഷം കണക്ക കൂട്ടിയതിൽ പിഴവു വന്നതിനാൽ വന്ന വരവു വ്യത്യാസമായ 10,66,942രൂപ(10,30,000+36942) 2019-20 സാമ്പത്തിക വർഷം ജേണൽ ചെയ്ത് വരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2018-19 സാമ്പത്തിക വർഷം മുന്നിരിപ്പായി എ സി ആറിൽ രേഖപ്പെടുത്തിയതും നാളിതുവരെ ചെലവാകാത്തതുമായ 1030000രൂപ ഏതിനത്തിലുള്ളതാണെന്ന് വ്യക്തമല്ല. ബി4 ഷെഡ്യൂളിൽ പ്രസ്തുത തുക വരുന്നില്ല.

ബി 4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി കാണിച്ച 4,50,000രൂപ നെൽക്കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി എന്ന പ്രോജക്ടിനായി 2015-16 സാമ്പത്തിക വർഷം ലഭിച്ച തുകയാണ്. തുക നാളിതു വരെ തിരിച്ചടച്ചിട്ടില്ല.

4.അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കണ്ടിജന്റ് ചെലവുകൾക്കായി നല്കിയ മുൻകൂറുകളുടെ വിവരങ്ങളും അഡ്വാൻസ് ടു അദേഴ്സ് എന്ന ഹെഡിൽ വരുന്ന തുകയും രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. നല്കിയ തുകയുടെയും ക്രമീകരിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

5.ദുരിതാശ്വാസനിധി- ബി2 ഷെഡ്യൂളിലെ തുക 51316രൂപയും ബി 17 ഷെഡ്യൂളിൽ (ചെറുതാഴം സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ട് 5479) ൽ 26816 രൂപയുമാണ് ചേർത്തിട്ടുള്ളത്. വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

6.ബ്ലോക്ക് പഞ്ചായത്ത് നീക്കിയിരിപ്പായി രേഖപ്പെടുത്തിയതിൽ 269381 രൂപ അറത്തിപ്പറമ്പ ശ്മശാനം നിർമ്മാണത്തിനായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 25,00,000 രൂപയിൽ നീക്കിയിരിപ്പുള്ള തുകയാണ്. പ്രസ്തുത പ്രവൃത്തിക്കായി സിൽക്കിന് നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ബിൽ അബ്സ്ട്രാക്റ്റും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

7.സഞ്ചയ സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ നിന്നുള്ള വസ്തു നികുതി ഡി സി ബി പത്രിക (2019-20) (31.03.2020 തീയതിയിൽ എടുത്തത് ) ഹാജരാക്കിയിട്ടില്ല.

8.ക്യൂബിൽ ബാധ്യത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

9.പ്രയർ പിരിയഡ് ഇനങ്ങളായി വിവിധ വരവു ചെലവുകളിലും ഡിപ്രീസിയേഷനിലും വ്യത്യാസം വരുത്തിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

10.ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കി സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.
11.നെറ്റ് ബാങ്കിംഗ് ഇടപാടുകൾക്കായി തുടങ്ങിയ എസ് ബി ഐ കറണ്ട് അക്കൗണ്ടിലെ (അക്കൗണ്ട് നമ്പർ 36831005939). നീക്കിയിരിപ്പ് നിശ്ചിത ഇടവേളകളിൽ സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റാത്തതിനാൽ ഗ്രാമപഞ്ചായത്തിന് പലിശയിനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ട്.

12.എം ജി എൻ ആർ ഇ ജി എസ് -വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും എം ഐ എസ് റിപ്പോർട്ട് പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 6/07.02.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 50,63,432 |
| വരവ് | 6,99,87,935 |
| ആകെ | **7,50,51,367** |
| ചെലവ് | 6,51,10,070 |
| നീക്കിയിരിപ്പ് | 99,41,297 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹357 |
| ചെലവിനങ്ങളിലുള്ള നഷ്ടം – ഓഡിറ്റിൽ അംഗീകരി | ₹27,440 |

| | |
|---|---|
| ക്കാത്ത തുക | |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | ₹33,20,923.50 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ക്യൂബിൽ തുക | നീക്കിയിരിപ്പ്/ ലാപ്സായ തുക (ക്യൂബിൽ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 12031272 | 12031272 | 10309086 | 1554036 | 1722186 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 4040000 | 4040000 | 3632348 | .. | 407652 |
| സംരക്ഷണ ഗ്രാന്റ് , റോഡ് | 0 | 16695000 | 16695000 | 7749238 | 5357674 | 8945762 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 0 | 3963000 | 3963000 | 3007554 | 577989 | 955446 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 10237524 | 10237524 | 5422648 | 1858690 | 4814876 |
| 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയവർക്കുള്ള ബോണസ് | 0 | 120000 | 120000 | 120000 | .. | 0 |
| എം ജി എം എൻആർ ഇ ജി എസ് ഭരണച്ചെലവ് | 4399 | 936660 | 941059 | 803334 | | 137725 |
| -ടി-ഇ എഫ് എം എസ് | (**) | | | | | |
| ടി എസ് സി | 25000 | 0 | 25000 | 0 | .. | 25000 |
| ഐ സി ഡി എസ്- കേന്ദ്രവിഹിതം | 659491 | 1106263 | 1765754 | 1700000 | .. | 65754 |
| എസ് എസ് എ | 162461 | 6581 | 169042 | 0 | .. | 169042 |
| ശുചിത്വമിഷൻ | 810474 | 0 | 810474 | 221408 | .. | 589066 |
| മറ്റ് ക്യാപ്പിറ്റൽ ഗ്രാന്റുകൾ | 2000 | 0 | 2000 | 2000 | .. | 0 |
| വിമുക്തി | 32040 | 0 | 32040 | 0 | .. | 32040 |
| അഗതി രഹിത കേരളം | 451494 | 0 | 451494 | 451494(*) | .. | 0 |
| മറ്റ് ഗവൺമെന്റ് ഗ്രാന്റുകൾ | 100079 | 0 | 100079 | 79 | | 100000 |
| എം പി ഫണ്ട് | 2042 | 72 | 2114 | 0 | .. | 2114 |
| സംസ്ഥാന സർക്കാരിൽ നിന്നുള്ള മറ്റ് അവാർഡുകളും ധനസഹായങ്ങളും | 0 | 600000 | 600000 | 0 | .. | 600000 |

(*)സി ഡി എസ് അക്കൗണ്ടിലേക്ക് മാറ്റിയത്.

(**)MIS റിപ്പോർട്ട് പ്രകാരം 2.0983 കോടി രൂപയാണ് ആകെ ചെലവ്. വിശദാംശങ്ങൾ ലഭ്യമല്ല.

സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന ധനസഹായങ്ങൾ മാനദണ്ഡങ്ങൾക്കനുസരിച്ച് യഥാസമയം വിനിയോഗിക്കാനും അവശേഷിക്കുന്ന തുക തിരിച്ചടക്കാനും ശ്രദ്ധിക്കേണ്ടതാണ്.

**ഗ്രാന്റ് വിനിയോഗ പത്രിക**

ഗ്രാന്റ് വിനിയോഗ പത്രിക ഹാജരാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 172 | 104307612 | 104 | 49324715 | 23 | 68 | 81 | 47.09 |

**നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ**

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 9 | 11236592 | 7445135 | 66.26 |
| വെറ്ററിനറി സർജൻ | 4 | 1 | 1565000 | 250000 | 15.97 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 7 | 6 | 1397800 | 1047325 | 74.93 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 1300000 | 1300000 | 100 |
| വി ഇ ഒ | 12 | 8 | 23525833 | 8248371 | 35.06 |
| ഐസിഡിഎസ് സൂപ്പർവൈസർ | 7 | 4 | 7041885 | 6245260 | 88.69 |
| സെക്രട്ടറി | 31 | 18 | 12818041 | 4753684 | 37.09 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 78 | 36 | 39863699 | 16006401 | 40.15 |
| ഹെഡ്മാസ്റ്റർ | 8 | 8 | 473966 | 432558 | 91.26 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 11 | 3584796 | 2595981 | 72.42 |
| ഡെയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1500000 | 1000000 | 66.67 |
| ആകെ | 172 | 104 | 104307612 | 49324715 | 47.29 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4399 | 9,36,660 | 941059 | 803334 | 137725 |
| നേരിട്ട് കൈമാറിയ തുക | (*) | | | | |

(*) എം ഐ എസ് റിപ്പോർട്ട് പ്രകാരം 2.0983കോടി രൂപയാണ് ആകെ ചെലവ്. വിശദാംശങ്ങൾ ലഭ്യമല്ല.

## 1-6-1 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- നടപടിക്രമങ്ങളിൽ ഗുരുതര വീഴ്ച- രേഖകൾ

## കൃത്യമായി സൂക്ഷിച്ചിട്ടില്ല

**1. സാധനങ്ങളുടെ ആവശ്യകത നിർണ്ണയിച്ച് ഒരുമിച്ച് ടെണ്ടർ ചെയ്തില്ല**

തദ്ദേശ സ്വയം ഭരണവകുപ്പിന്റെ 31.03.2012 ലെ സഉ(കൈ)284/12/എൽ എസ് ജി ഡി ഉത്തരവു പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള വാങ്ങലുകൾ നടത്തേണ്ടത്. പ്രസ്തുത ഉത്തരവിൽ വ്യക്തമായ പ്രൊക്യൂർമെന്റ് പ്ലാനിന്റെ അടിസ്ഥാനത്തിലായിരിക്കണം വാങ്ങൽ നടപടികളിലേക്ക് കടക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഓരോ പ്രവൃത്തിക്കും പ്രത്യേകമായി ടെണ്ടർ ക്ഷണിക്കുകയും പ്രത്യേകം പ്രത്യേകം കരാറുകാരെ നിശ്ചയിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ആയത് കൂടുതൽ അളവിൽ സാധനങ്ങൾ വാങ്ങുമ്പോൾ ലഭിക്കാവുന്ന ലാഭം നഷ്ടപ്പെടുന്നതിന് കാരണമാകുന്നുണ്ട്. ഒരേ തീയതിയിലെ പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനത്തിൽ ഉൾപ്പെടുന്ന പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങളുടെ കാര്യത്തിൽ പോലും ഒരുമിച്ച് ടെണ്ടർ ക്ഷണിച്ചില്ല എന്നത് ഗുരുതരമായ അപാകമാണ്. ഭാവിയിൽ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2)സാധനങ്ങൾ സൈറ്റിൽ എത്തിക്കുന്ന മുറക്ക് അളവെടുക്കുന്നതിനായി സ്റ്റാക്ക് ചെയ്യുക എന്നത് വിതരണക്കാരുടെ ഉത്തരവാദിത്തമാണ്.എന്നാൽ ആയത് ചെയ്തതായി എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഓരോ സൈറ്റിലേയും സ്റ്റോക്ക് വിതരണ വിവരങ്ങൾ (പ്രതിദിന കണക്കുകൾ)മേറ്റുമാർ തയ്യാറാക്കിയത് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

**3)ടെണ്ടർ ഫോറം -സ്റ്റോക്ക് & സെയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടത്തുന്ന ടെണ്ടറുകളുടെ ടെണ്ടർ ഫോറം വില്പനയുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തുന്ന സ്റ്റോക്ക് & സെയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ടെണ്ടർ ഫോറം വില ഫ്രണ്ട് ഓഫീസിൽ അടക്കുകയാണ് ചെയ്യുന്നതെന്നാണ് ഇതിനു മറുപടിയായി അറിയിച്ചത്.

**4)പർച്ചേസ് ബില്ലുകൾ ഹാജരാക്കിയിട്ടില്ല**

സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട വെണ്ടർമാർ വിതരണം ചെയ്ത സാധനങ്ങളുമായി ബന്ധപ്പെട്ട പർച്ചേസ് ബില്ലുകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

**5)മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അർദ്ധ വിദഗ്ധ തൊഴിൽ - അധിക നിരക്കിൽ വേതനം അനുവദിച്ചു-തുക തിരിച്ചു പിടിക്കേണ്ടതാണ്.**

പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ മേസൻ (ആവറേജ്) , ബിസ്തി , ബ്ലാക്ക്സ്മിത്ത് എന്നീ ഗണങ്ങളിൽ പെടുന്ന തൊഴിലാളികളുടെ കൂലിയായി നിശ്ചയിച്ചത് യഥാക്രമം 750രൂപയും 700 രൂപയും 900 രൂപയുമാണ് .എന്നാൽ കാറ്റഗറി തിരിക്കാതെ രണ്ടു വിഭാഗങ്ങളിലേയും തൊഴിലാളികളുടെ എണ്ണം ഒരുമിച്ച് രേഖപ്പെടുത്തി 850 രൂപ നിരക്കിലാണ് കൂലി നല്കിയിരിക്കുന്നത്. വിദഗ്ധ , അർദ്ധ വിദഗ്ധ തൊഴിലാളികളുടെ ഹാജർ വിവരങ്ങൾ രേഖപ്പെടുത്തുന്ന മസ്റ്റർ റോൾ സൂക്ഷിക്കാതിരുന്നതും ഗുരുതരമായ അപാകമാണ്. ഓരോ കാറ്റഗറിയിലും വരുന്ന തൊഴിലാളികളുടെ അർഹതയ്ക്കനുസരിച്ച് കൂലി കണക്കാക്കി അധികം നല്കിയ തുക തിരിച്ചു പിടിക്കേണ്ടതാണ്.

**6)സെക്യൂരിറ്റി രജിസ്റ്റർ,എഗ്രിമെന്റ് രജിസ്റ്റർ**

മെറ്റീരിയൽ പ്രവൃത്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന സെക്യൂരിറ്റി രജിസ്റ്റർ , എഗ്രിമെന്റ് രജിസ്റ്റർ ഇവ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

**7)സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്**

സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കുന്നതിനായി പൊതു ആസ്തികളുടെ കാര്യത്തിൽ 5000രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നിരക്ക് നിശ്ചയിച്ചതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. നല്കാവുന്ന തുകയുടെ പരമാവധി നിരക്കാണ് നല്കിയിട്ടുള്ളത്. ബോർഡു സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

**8)കാർഷിക , മൃഗസംരക്ഷണ മേഖലകളിലെ പ്രവൃത്തികൾ**

കാർഷിക മൃഗസംരക്ഷണ മേഖലയിലെ പ്രവൃത്തികൾ അതാത് നിർവ്വഹണ ഉദ്യോഗസ്ഥർ മോണിറ്റർ ചെയ്തിട്ടില്ല. പദ്ധതികളുടെ ആവർത്തനം ഉണ്ടായിട്ടില്ലെന്ന് ഉറപ്പു വരുത്തേണ്ടതിലേക്കായി നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നുള്ള സാക്ഷ്യപത്രം അതാത് ഫയലുകളിൽ ഉൾപ്പെടുത്തേണ്ടതാണ്. തൊഴുത്തു നിർമ്മാണത്തിന് ആനുകൂല്യം നല്കുമ്പോൾ മൃഗസംരക്ഷണ മേഖലയിൽ ബാധകമായ വരുമാന പരിധി അതിലംഘിക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നുണ്ടോ എന്ന് വ്യക്തമാക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

9)മണ്ണ് ജല സംരക്ഷണ പ്രവൃത്തികളുടെയും നിലമൊരുക്കൽ പ്രവൃത്തികളുടെയും ഫയലുകളിൽ ഉടമകളുടെ

സമ്മതപത്രം/അപേക്ഷകൾ , കരമൊടുക്കിയ രശീതി തുടങ്ങിയ രേഖകൾ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. എം ബുക്കുകളിൽ സർവ്വേ നമ്പർ അടിസ്ഥാനത്തിൽ അളവുകൾ രേഖപ്പെടുത്തേണ്ടതാണ്.

അപാകങ്ങൾ പരിഹരിക്കേണ്ടതിലേക്കും ആവർത്തിക്കാതിരിക്കാൻ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതി ലേക്കുമായി വിഷയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

## 1-6-2 സൈറ്റ് ഡയറി യഥാവിധി സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം നടപ്പാക്കിയ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചപ്പോൾ ഭൂരിഭാഗം ഫയലുകളിലും സൈറ്റ് ഡയറി ഉൾപ്പെടുത്തിയിട്ടില്ല എന്ന് കാണുകയുണ്ടായി. ചില പ്രവൃത്തികളുടെ ഫയലുകളിൽ സൈറ്റ് ഡയറി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. പദ്ധതികളൊന്നും തന്നെ മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല. പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്താതിരുന്നതും അപാകമാണ്. മെറ്റീരിയൽ പ്രവൃത്തികളുടെ ഭാഗമായി നിർമ്മിക്കപ്പെട്ട ആസ്തികളുടെ നിലവിലുള്ള അവസ്ഥ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും പദ്ധതി മോണിറ്ററിംഗ് നടത്താതെയും സൈറ്റ് ഡയറികൾ കൃത്യമായി സൂക്ഷിക്കാതെയും ചെലവുകൾ നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-6-3 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പുറച്ചേരി സ്കൂളിൽ മഴവെള്ള സംഭരണി- അപാകങ്ങൾ

വർക്ക് കോഡ് WC/368215

വെണ്ടർ ശ്രീ ശശികുമാർ പി

1.വില്പന നടത്തിയ ടെണ്ടർ ഫോറങ്ങളിൽ വില രേഖപ്പെടുത്തിയിട്ടില്ല. ഈടാക്കിയ വില സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2.മഴവെള്ള സംഭരണിയിലേക്ക് പൈപ്പ് കണക്ഷൻ നല്കുന്നതിനായുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും എംബുക്കിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.എന്നാൽ വാങ്ങിയ സാധനങ്ങളുടെ ലിസ്റ്റിൽ പ്രസ്തുത ഇനം ഉൾപ്പെടുന്നില്ല.ഈയിനത്തിൽ(ഇനം നമ്പർ 80.5.18.9.17.1 ) 7392രൂപ ചെലവു വന്നതായി എം ബുക്ക് നമ്പർ 137/17പേജ് 22 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.കരാറുകാരന് സപ്ലൈ ഓർഡർ നല്കിയതുമായി ബന്ധപ്പെട്ട രേഖകളോ എഗ്രിമെന്റോ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

3.വിദഗ്ധ , അർദ്ധ വിദഗ്ധ തൊഴിലാളികളുടെ പ്രവൃത്തിയുമായി ബന്ധപ്പെട്ട മസ്റ്റർ റോൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ബിസ്റ്റി(@700),മേസൻ(@750),ബ്ലാക്ക്സ്മിത്ത്(@900)എന്നിങ്ങനെയാണ് വിദഗ്ധ തൊഴിലാളികളുടെ കൂലി വരുന്നതെങ്കിലും എല്ലാവർക്കും 850രൂപ നിരക്കിലാണ് കൂലി അനുവദിച്ചിട്ടുള്ളത്.ഏത് തരത്തിലുള്ള പ്രവൃത്തിയാണ് ഓരോരുത്തരും ചെയ്തിട്ടുള്ളത് എന്ന് വ്യക്തമല്ലാത്തതിനാൽ അധികം നല്കിയ തുക കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. അധികം നല്കിയ തുക കണക്കാക്കി തിരിച്ചു പിടിക്കേണ്ടതാണ്.

4.അവിദഗ്ധ തൊഴിലാളികളുടെ എണ്ണം എസ്റ്റിമേറ്റിൽ 202 ഉം മസ്റ്റർ റോൾ പ്രകാരം 116ഉം ആണ്. പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരം തന്നെയാണ് നടന്നതെന്നിരിക്കെ വ്യതിചലനത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

5.സാധനങ്ങളുടെ ബിൽ , സ്റ്റാക്ക് മെഷർമെന്റ് സംബന്ധിച്ച രേഖകൾ,സാധനങ്ങൾ സ്റ്റോക്കിലെടുത്ത് മേറ്റിന് വിതരണം ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

5.മോണിറ്ററിംഗ് റിപ്പോർട്ട് സൈറ്റ് ഡയറിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധികം നല്കിയ തുക തിരിച്ചു പിടിക്കേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 44/11.02.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-6-4 പൊതുഭൂമിയിൽ വനവല്ക്കരണം-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും പദ്ധതി നടപ്പാക്കിയിട്ടുണ്ട്.ജംഗിൾ ക്ലിയറിംഗ്, എർത്ത് വർക്ക് എസ്കവേഷൻ 0.4x0.4x0.4 ഉള്ള കുഴികളെടുക്കാൻ) എന്നീ ഇനങ്ങൾ മാത്രമാണ് പദ്ധതികളുടെ എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തിയത്. മരങ്ങൾ വച്ചു പിടിപ്പിക്കുകയോ സംരക്ഷിക്കുകയോ ചെയ്യുന്നതിനുള്ള ഇനങ്ങൾ ഒന്നും തന്നെ എസ്റ്റിമേറ്റുകളിൽ ഇല്ല. ഏതൊക്കെ സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന ഭൂമിയിലാണ് പ്രവൃത്തി ചെയ്തതെന്നും വ്യക്തമല്ല. പദ്ധതി മോണിറ്ററിംഗ് നടന്നിട്ടില്ല. കുഴികളെടുത്തു വെക്കുകമാത്രം ചെയ്ത് മരങ്ങൾ വച്ചു പിടിപ്പിക്കാതിരുന്നത് അപാകമാണ്.ചെലവുകൾ സംബന്ധിച്ച

വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എം ബുക്ക് നമ്പർ 22/19,23/19

| വാർഡ് നമ്പർ | ചെലവ് | എം ബുക്ക് നമ്പർ , പേജ് നമ്പർ |
|---|---|---|
| 1 | 6072 | 23/19,5 |
| 2 | 5796 | 22/19,4 |
| 3 | 5244 | 22/19,10 |
| 4 | 5796 | 23/19,10 |
| 5 | 4140 | 22/19,15 |
| 6 | 2208 | 22/19,15 |
| 7 | 2760 | 22/19,20 |
| 8 | 4692 | 23/19,20 |
| 9 | 3588 | 23/19,25 |
| 10 | 4140 | 22/19,30 |
| 11 | 4416 | 22/19,35 |
| 12 | 4416 | 22/19,40 |
| 13 | 6072 | 23/19,25 |
| 14 | 5796 | 22/19,45 |
| 15 | 5796 | 22/19,50 |
| 16 | 2484 | 23/19,31 |
| 17 | 4416 | 23/19,36 |
| ആകെ | 77832 | |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 43/11.02.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മരങ്ങൾ വച്ചു പിടിപ്പിക്കാതെ വനവൽക്കരണം സാധ്യമാകില്ല എന്നിരിക്കെ അപൂർണ്ണമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും സൈറ്റുകളുടെ ഫോട്ടോ- പദ്ധതി നടപ്പാക്കുന്നതിന് മുമ്പ്, നടന്നു കൊണ്ടിരിക്കുമ്പോൾ , പൂർത്തിയായതിനു ശേഷം, ഓഡിറ്റ് തീയതിയിൽ - ലഭ്യമാക്കേണ്ടതുമാണ്.പദ്ധതി ഏറ്റെടുക്കാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ് .മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഹാജരാക്കേണ്ടതാണ്.

തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ മൂന്നു ഘട്ടങ്ങളിൽ (പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ്, പ്രവൃത്തി നടക്കുമ്പോൾ , പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം) സൈറ്റിന്റെ ഫോട്ടോ എടുത്ത് ഫയലിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (എം എൻ ആർ ഇ ജി എസ് മാസ്റ്റർ സർക്കുലർ 2019-20 പേജ് 67 – വർക്ക് ഫയലിൽ ഉൾപ്പെടുത്തേണ്ട രേഖകൾ )

## 1-6-5 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -അംഗീകാരം വാങ്ങാതെ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ചതും മറ്റ് അപാകങ്ങളും

താഴെ പറയുന്ന പ്രവൃത്തികളുടെ നിർവ്വഹണത്തിൽ എസ്റ്റിമേറ്റിൽ പറഞ്ഞ രീതിയിലല്ല പദ്ധതികൾ നടപ്പാക്കിയതെന്ന് എം ബുക്കുകളിലെ രേഖപ്പെടുത്തലുകൾ വ്യക്തമാക്കുന്നു.

1.ഖാദി റോഡു മുതൽ പെരിയാട്ടമ്പലം വരെ വയൽ റോഡ് നിർമ്മാണം(ആർ സി /279670)

ഇരുവശവും 1:6 സിമന്റ് ചാന്തിൽ കല്ലു കെട്ടി ക്വാറി വെയ്സ്റ്റ് നിറച്ച് അതിനു മുകളിൽ ലാറ്ററൈറ്റ് റഫ് സ്റ്റോൺ ഡ്രൈ പാക്കിംഗ് നടത്താനാണ് എസ്റ്റിമേറ്റിൽ നിർദ്ദേശിച്ചിരുന്നത്.എന്നാൽ എം ബുക്ക് നമ്പർ 52/19 ൽ 1:6 സിമന്റ് ചാന്തിൽ കല്ലുകെട്ടി തന്നെയാണ് റോഡ് നിർമ്മാണവും നടത്തിയതായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സൈറ്റിന്റെ ഫോട്ടോ പരിശോധിച്ചതിൽ ഡ്രൈ പാക്കിംഗ് ചെയ്തതായാണ് കാണുന്നത്. യഥാർത്ഥത്തിൽ നടത്തിയതിൽ നിന്നും വ്യത്യസ്തമായ രീതിയിൽ അളവുകൾ രേഖപ്പെടുത്തിയതിന്

വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വ്യതിയാനത്തിന് അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ അനുബന്ധ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

പ്രസ്തുത പ്രവൃത്തിയിൽ വിദഗ്ദ്ധ , അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ മസ്റ്റർ റോളുകളിൽ തൊഴിലാളികളുടെ പേരോ ഹാജരോ രേഖപ്പെടുത്തിയിട്ടില്ല. മസ്റ്റർ റോൾ പ്രകാരമല്ലാതെ കൂലി നല്കിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2.ചാലിൽ തോട്ടുകര തോട് സൈഡ് കെട്ടി സംരക്ഷിക്കൽ(ആർ സി /280051)

100മീറ്റർ നീളത്തിൽ തോടിനിരുവശവും ഡ്രൈ റബിൾ ഉപയോഗിച്ച് കല്ലു കെട്ടുന്നതിനും 3 മീറ്റർ സ്പാനിൽ ക്രോസ് ഡ്രെയിൻ നിർമ്മിക്കുന്നതിനും നിലവിലുള്ള ഫുട്പാത്ത് കഴിച്ചുള്ള ഭാഗത്ത് ക്വാറി വെയ്സ്റ്റ് ഉപയോഗിച്ച് ഫില്ലിംഗ് നടത്തുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയത്. എന്നാൽ എം ബുക്ക് നമ്പർ 54/19 ലെ രേഖപ്പെടുത്തലുകൾ പ്രകാരം 6 മീറ്റർ സ്പാനിൽ കൾവർട്ട് നിർമ്മിക്കുന്ന പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. തോടിന്റെ വശങ്ങളിൽ കല്ലുകെട്ടുന്ന പ്രവൃത്തി ചെയ്തിട്ടില്ല. വ്യതിയാനത്തിന് അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ അനുബന്ധ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

ക്വാറി വെയ്സ്റ്റ് നിറക്കുന്ന പ്രവൃത്തിയിൽ നിലവിലുള്ള ഫുട്പാത്ത് കുറവു ചെയ്തിട്ടില്ല.

പ്രസ്തുത പ്രവൃത്തിയിൽ വിദഗ്ദ്ധ , അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ മസ്റ്റർ റോളുകളിൽ തൊഴിലാളികളുടെ പേരോ ഹാജരോ രേഖപ്പെടുത്തിയിട്ടില്ല. മസ്റ്റർ റോൾ പ്രകാരമല്ലാതെ കൂലി നല്കിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3.മെറ്റീരിയൽ പ്രവൃത്തികളിലൊന്നും തന്നെ വിദഗ്ദ്ധ അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ മസ്റ്റർ റോൾ ഇല്ലാതെയാണ് കൂലി നല്കിയിട്ടുള്ളത്. കൂടാതെ ചില പ്രവൃത്തികളിൽ വാങ്ങിയ സാധനങ്ങളുടെ വിവരങ്ങളും എം ബുക്ക് പ്രകാരം ചെയ്ത പ്രവൃത്തികൾക്കാവശ്യമായ സാധങ്ങളുടെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

4.സാധനങ്ങളുടെ ബില്ലുകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.
സാധനങ്ങളുടെ വില പരിമിതപ്പെടുത്തി നല്കിയതിനാൽ അധികച്ചെലവ് വന്നിട്ടില്ലെങ്കിലും എം ബുക്കിൽ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തുന്നത് ഗുരുതരമായ അപാകമാണ്. എൽ എസ് ജി ഡി പൊതുമരാമത്ത് വിഭാഗത്തെ ഉൾപ്പെടുത്തിക്കൊണ്ട് സ്ഥലപരിശോധന നടത്തി പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പു വരുത്തേണ്ടതിലേക്കും അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് നല്കേണ്ടതിലേക്കുമായി വിഷയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 93720 | 100 |
| കർഷകതൊഴിലാളി പെൻഷൻ | 3908400 | 654 |
| വിധവാപെൻഷൻ | 6565200 | 1153 |
| വാർദ്ധക്യകാലപെൻഷൻ | 11499600 | 2005 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 2049200 | 364 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 426000 | 74 |

## 1-7-1 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം-അപാകങ്ങൾ

2019-20 സാമ്പത്തിക വർഷം താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കളുടെ മരണ ശേഷവും അവരുടെ പെൻഷൻ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്.

| പേര് | മരണ ത്തീയതി | രജി സ്ട്രേഷൻ നമ്പർ | ആധാർ നമ്പർ | പെൻഷനർ ഐഡി | പെൻഷൻ കൈമാറി യതിന്റെ വിവരങ്ങൾ | ഓഡിറ്റ് അന്വേഷണം നമ്പർ 21/ 09.02.22 ന് നല്കിയ മറുപടി |
|---|---|---|---|---|---|---|
| നാരായണൻ കെ<br>മാടായി ഗ്രാമപഞ്ചാ യത്ത്<br>എൻ ഒ എ പി | 07.01.19 | 6/19<br>17.01.19 | 854752478657 | 110990201035 | 7/19 വരെ നല്കി | മാടായി ഗ്രാമപഞ്ചാ യത്തിനെ അറിയി ച്ചിട്ടുണ്ട്. |
| ദ്രൗപതി എം<br>ചെറുതാഴം<br>വിധവാ പെൻഷൻ | 03.01.19 | 12/19<br>12.02.19 | 817178569958 | 110960600808 | 4/19 വരെ നല്കി | തുക തിരി ച്ചടക്കാൻ കേരള ഗ്രാമീൺ ബാങ്കിന് കത്തു നല്കിയി ട്ടുണ്ട്. |
| കാർത്ത്യാ യനി കെ വി<br>ചെറുതാഴം<br>എൻ ഒ എ പി | 13.02.19 | 20/19<br>05.03.19 | 248760818657 | 110960200267 | ,, | തുക തിരിച്ച ടക്കാൻ കേരള ഗ്രാമീൺ ബാങ്കിന് കത്തു നല്കിയി ട്ടുണ്ട്. |
| സൈനബ എം കെ<br>ചെറുതാഴം<br>എൻ ഒ എ പി | 19.02.19 | 22/19<br>11.03.19 | 938905629985 | 110960200509 | ,, | സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് കത്തു നല്കിയി ട്ടുണ്ട് |
| ആസിയ എം കെ<br>ചെറുതാഴം | 05.03.19 | 26/19<br>15.03.19 | 935252220785 | 110960600955 | ,, | സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് കത്തു നല്കിയിട്ടുണ്ട് |
| കെ.വി. കുഞ്ഞിരാമൻ | 12.03.19 | 28/19<br>20.03.19 | 641061881949 | 110960100235 | ,, | കേരള ഗ്രാമീൺ ബാങ്കിന് |

| | | | | | | |
|---|---|---|---|---|---|---|
| ചെറുതാഴം കർഷക തൊഴിലാളി പെൻഷൻ | | | | | | കത്തു നല്കിയി ട്ടുണ്ട്. |
| മാട്ടുക്കാരൻ നാരായണൻ ചെറുതാഴം | 21.02.19 | 31/19 28.03.19 | 752846071130 | 110960200962 | ,, | കേരള ഗ്രാമീൺ ബാങ്കിന് കത്തു നല്കി യിട്ടുണ്ട്. |

തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കേണ്ടതാണ്.

2.സർവ്വീസ് / ഫാമിലി പെൻഷൻ കൈപ്പറ്റുന്ന താഴെ പറയുന്ന ഗുണഭോക്താക്കളിൽ നിന്നും പെൻഷൻ തുക തിരിച്ചു പിടിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിവരങ്ങൾ (പഞ്ചായത്ത് ഡയറക്ടറുടെ 04.03.21 ലെ പി എ എൻ / 2566/2020 - ഡി ബി ടി (1) ഡി പി നമ്പർ കത്ത്) ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 21/09.02.22 ന് താഴെ പറയും പ്രകാരമുള്ള മറുപടി നല്കിയിട്ടുണ്ട്.

| പേര് | വിതരണം തുടങ്ങിയ തീയതി |
|---|---|
| രത്നവല്ലി ടി എം | 4/02/14 മുതൽ |
| ശാന്തകുമാരിയമ്മ എം കെ | 12.02.14 |
| ജാനകി കെ വി | 01.02.14 |
| കെ മണി | 01.04.15 |
| പാർവ്വതിയമ്മ | 26.07.16 |
| അടുത്തിലക്കാരത്തി ശ്യാമള | 26.11.16 |
| ശാന്ത ടി വി | 01.05.07 |
| ദുർഗാദാസ് എം എച്ച് | 17.03.16 |
| പുഷ്പജ എം വി | 06.02.19 |
| വിമലകുമാരി ഇ വി | 04.08.18 |

ഇതിൽ ശ്രീമതി പാർവ്വതി അമ്മ എ വി എന്നവർ അധികമായി കൈപ്പറ്റിയ തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരിച്ചടച്ചതായും സാമൂഹ്യ സുരക്ഷാ പെൻഷൻ അക്കൗണ്ടിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക 001101023000269 നമ്പർ അക്കൗണ്ടിലേക്ക് തിരിച്ചടച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്.മറ്റ് ഗുണഭോക്താക്കൾക്ക് തുക തിരിച്ചടക്കാൻ കർശന നിർദ്ദേശം നല്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട് . തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3.അനർഹരായ ഗുണഭോക്താക്കൾ സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി (വിധവാ പെൻഷൻ പുനരന്വേഷണം, സർവ്വീസ് / ഫാമിലി പെൻഷൻ കൈപ്പറ്റുന്നവർ, മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ തുടങ്ങിയവ) അങ്കണവാടി വർക്കർമാർ മുഖാന്തിരം വിവരങ്ങൾ ശേഖരിച്ച് ഓരോ മാസവും അഞ്ചാം തീയതിക്കു മുമ്പായി ഗ്രാമപഞ്ചായത്ത് ഓഫീസിൽ അറിയിക്കുന്നതിന് ഐ സി ഡി എസ് സൂപ്പർവൈസർക്ക് നിർദ്ദേശം നല്കിയിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. അനർഹമായി പെൻഷൻ കൈപ്പറ്റുന്നവരെ യഥാസമയം കണ്ടെത്തി ഒഴിവാക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.02.22 ന് രാവിലെ 10.45 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1753 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തര നിയന്ത്രണം

സ്റ്റാഫ് മീറ്റിംഗുകൾ ചേർന്ന് ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ഓഫീസ് ഓർഡറുകൾ വഴി ചുമതലകൾ നിശ്ചയിച്ചു നല്കുകയും ചെയ്യുന്നുണ്ട്. എന്നാൽ രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് പൊതുവെ തൃപ്തികരമല്ല.ഓഡിറ്റിനാവശ്യമായ പല രേഖകളും യഥാസമയം ഹാജരാക്കാൻ കഴിഞ്ഞിട്ടില്ല. അഡ്വാൻസ് രജിസ്റ്ററിൽ ഓണം ഫെസ്റ്റിവെൽ അഡ്വാൻസ് സംബന്ധിച്ച വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.മറ്റ് അഡ്വാൻസുകൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ ഓഡിറ്റിൽ ആവശ്യപ്പെട്ട ശേഷം എഴുതി തയ്യാറാക്കിയതാണ്.ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. വാങ്ങലുകൾ നടത്തുന്ന ബില്ലുകൾ അതേപടി പകർത്തിയെഴുതുക മാത്രമാണ് ചെയ്യുന്നത്. വാർഷിക സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിലല്ല തുടർന്നുള്ള വർഷങ്ങളിലെ വാങ്ങലുകൾ നടത്തുന്നത്.വാർഷിക ധനകാര്യ പത്രികയിലും അപാകങ്ങൾ ഉണ്ട്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ യഥാവിധി സൂക്ഷിക്കുന്നില്ല. പ്രവൃത്തികളുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും അതാത് ഫയലുകളിൽ സൂക്ഷിക്കാതിരിക്കുന്നത് പരിശോധനയ്ക്ക് തടസം സൃഷ്ടിക്കുന്നുണ്ട്. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും പാളിച്ചകൾ ഉണ്ടായിട്ടുണ്ട്. (ഖണ്ഡിക 1-6-1 മുതൽ 1-6-5 വരെ ഇതു സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് ).

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കുന്നതിനാവശ്യമായ സ്ഥിരം സംവിധാനം ഉണ്ടാക്കേണ്ടതുണ്ട്.സർക്കാർ ഉത്തരവുകളിൽ നിർദ്ദേശിച്ച പ്രകാരം അംഗൻവാടി വർക്കർമാരേയും ആശാവർക്കർമാരേയും ഉൾപ്പെടുത്തിക്കൊണ്ടും വാർഡ് മെമ്പർമാരുടെ സഹകരണത്തോടെയും അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ അടിസ്ഥാന നികുതി 2020-21 സാമ്പത്തിക വർഷം വരെ ഒടുക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല. 2019-20 സാമ്പത്തിക വർഷം ഭൂനികുതി ഒടുക്കിയിട്ടില്ല. പുറമ്പോക്ക് ഭൂമി അന്യാധീനപ്പെട്ടിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിന്റെ പുറമ്പോക്ക് ഭൂമി അളന്നു തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടി നല്കാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 7/07.02.22).

ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ ലിഫ്റ്റ് സ്ഥാപിക്കുന്ന പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിച്ചത് അപാകമാണ്. ലിഫ്റ്റ് കിണർ മാത്രം നിർമ്മിച്ച് മതിയായ സംരക്ഷണമില്ലാതെ ഉപേക്ഷിച്ചിരിക്കുകയാണ്.

വസ്തു നികുതി പോലുള്ള തനത് വരവിനങ്ങൾ ഓൺലൈനായി ഒടുക്കുന്നതിനായി എസ് ബി ഐ യിൽ ആരംഭിച്ച കറണ്ട് അക്കൗണ്ടിലെ നീക്കിയിരിപ്പ്(അക്കൗണ്ട് നമ്പർ 36831005939) നിശ്ചിത ഇടവേളകളിൽ സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റാതിരിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾക്ക് നിരക്കുന്നതല്ല.

## 1-10 ഗ്രാമസഭ

17 വാർഡുകളിലും മൂന്നുതവണ വീതം ഗ്രാമസഭകൾ സമ്മേളിച്ചിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, ജലസംരക്ഷണ പ്രവർത്തനങ്ങൾ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ, വാർഷിക വരവു ചെലവു കണക്കുകൾ അംഗീകരിക്കൽ , പെൻഷൻ ഗുണഭോക്താളുടെ ലിസ്റ്റ് വായിക്കൽ,പ്ലാസ്റ്റിക്ക് നിരോധനം, പദ്ധതി അംഗീകാരം തുടങ്ങിയ വിഷയങ്ങൾ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-11 കമ്മിറ്റികളുടെ പ്രവർത്തനം

വർക്കിംഗ് ഗ്രൂപ്പ് മിനട്സുകൾ പലതും അപൂർണ്ണമാണ്. പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾക്കു ശേഷം വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥനെ ഒഴിവാക്കിക്കൊണ്ട് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചതായോ പദ്ധതി അവലോകനം നടത്തിയതായോ മിനട്സ് ചെയ്യപ്പെട്ടിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് അതാത് സ്റ്റാൻഡിംഗ് കമ്മറ്റികളും ഭരണസമിതിയും ഉറപ്പു വരുത്തേണ്ടതാണ്

സ്റ്റാൻഡിംഗ് കമ്മിറ്റികൾ കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നുണ്ട് . പ്രധാനമായും പദ്ധതി നിർദ്ദേശങ്ങൾ നല്കുക എന്ന ചുമതലയാണ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഒഴികെയുള്ള സ്റ്റാൻഡിംഗ് കമ്മിറ്റികളിൽ നടക്കുന്നത്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ പുതിയ ധനാഗമന മാർഗ്ഗങ്ങൾ സംബന്ധിച്ച ചർച്ചകളും പ്രതിമാസ വരവു ചെലവു കണക്കുകൾ അംഗീകരിക്കലും ബജറ്റുമായി ബന്ധപ്പെട്ട തീരുമാനങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്.

രേഖപ്പെടുത്തിയ വിവരങ്ങൾ കൃത്യമല്ല. കണക്കുകൂട്ടലിൽ പിഴവുകൾ വന്നിട്ടുണ്ട്. (02.02.19 ലെ 16/19 നമ്പർ തീരുമാനം)

വിശദമായ ബജറ്റ് രൂപീകരണ ചർച്ചകൾ സ്റ്റാൻഡിംഗ് കമ്മിറ്റികളിലൊന്നും തന്നെ നടന്നതായി മിനുട്സുകളിൽ രേഖപ്പെടുത്തലുകളില്ല. ഘടകസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നില്ല. ഘടകസ്ഥാപനങ്ങൾ സമർപ്പിക്കുന്ന ബജറ്റ് നിർദ്ദേശങ്ങൾ അതാത് സ്റ്റാൻഡിംഗ് കമ്മിറ്റികളിൽ പരിശോധിച്ച് ക്രോഡീകരിക്കുന്നില്ല എന്നതും അപാകമാണ്.

## 1-12 വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ്- അപാകതകൾ

സ.ഉ(കൈ) നം.106/2017/തസ്വഭവ തീയതി 26-05-2017 ലെ വ്യവസ്ഥ പ്രകാരം വിമുക്ത ഭടൻമാരുടെയും അവരുടെ ഭാര്യമാരുടെയും/വിധവകളുടെയും യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വാസഗൃഹങ്ങളുടെ നികുതി ഇളവ് അനുവദിക്കാൻ ഓരോ വർഷവും മാർച്ച് 31 ന് മുൻപ് നിശ്ചിത മാതൃകയിൽ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സഞ്ചയ പ്രകാരം 2019-20 വർഷം 227 കെട്ടിടങ്ങൾക്ക് ഈ ഇനത്തിൽ നികുതി ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിലും 19 പേരുടെ സാക്ഷ്യപത്രങ്ങൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 29 തീയതി 10.02.2022) മറുപടിയായി റെക്കോർഡ് റൂം സെറ്റ് ചെയ്യുന്ന സമയം അപേക്ഷകൾ സ്ഥാനം മാറിപ്പോയെന്നും ആയവ കണ്ടെത്തി സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിലും സഞ്ചയ സോഫ്റ്റ് വെയറിലും ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിലുള്ള കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറുന്ന സംഗതികളിൽ അർഹതാ പരിശോധന നടത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-13 കെട്ടിട നികുതി നിർണ്ണയത്തിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യത്തിനുള്ള 100ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 40 രൂപയും വാണിജ്യാവശ്യത്തിനുള്ള 100ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി ചതുരശ്ര മീറ്ററിന് 60 രൂപയുമാണ്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള ചുവടെ ചേർത്ത വാണിജ്യ കെട്ടിടങ്ങളെ 100 ചതുരശ്ര മീറ്ററിൽ കുറവുള്ള ഗണത്തിൽ പെടുത്തിയാണ് വസ്തുനികുതി ഈടാക്കിയിരിക്കുന്നത്.

| ക്രമ നം. | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന നികുതി നിരക്ക് | കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | വെദിരമന ഇല്ലത്ത് വിഷ്ണു നമ്പൂതിരി | 2/118 A | 240 | 40 | 60 |
| 2 | കുഞ്ഞിക്കലന്തന്റകത്ത് അബ്ദുൾ ജമാൽ | 4/143 G | 111.8 | 40 | 60 |
| 3 | സീരെ വളപ്പിൽ അബ്ദുള്ളക്കുഞ്ഞി | 5/860 H | 102.2 | 40 | 60 |
| 4 | അലീമ കെ.പി | 6/884 | 173.68 | 40 | 60 |
| 5 | മീത്തലെ പുതിയപുരയിൽ കാസിം | 17/776 | 225 | 40 | 60 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23 തീയതി 09.02.2022) മറുപടിയായി മേൽ പട്ടികയിലെ കെട്ടിടങ്ങളുടെ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് കെട്ടിട ഉടമകൾക്ക് രേഖാമൂലം കത്ത് നൽകി കുടിശ്ശിക

അടക്കമുള്ള നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 അനധികൃത കെട്ടിട നിർമ്മാണം - നിശ്ചിത മാതൃകയിലുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകപ്പിന്റെ 19.05.2014 തിയതിയിലെ 29342/ആർ.എ1/2014/തസ്വഭവ നമ്പർ സർക്കലറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതിനെക്കുറിച്ചും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട വിവരങ്ങളെക്കുറിച്ചും വ്യക്തമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരിപാലിക്കേണ്ട അനധികൃത നിർമ്മാണ രജിസ്റ്ററിന്റെ മാതൃക പ്രസ്തുത സർക്കലറിന്റെ അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന അനധികൃത നിർമ്മാണ രജിസ്റ്റർ ഈ മാതൃകയിലുള്ളതല്ല. സർക്കാർ നിർദ്ദേശ പ്രകാരമുള്ള മാതൃകയിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2019 -ലെ ചട്ടം 95(3) പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം - G2 ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്തിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചു പോരുന്നില്ല. കെട്ടിട നിർമാണ ക്രമവൽകരണം സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരം രജിസറ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 നിലവിലുള്ള കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾക്ക് പെർമിറ്റ് ഫീസ് കുറവായി ഈടാക്കി

ഈടാക്കി ₹207 വരവ് നഷ്ടം 2019 ലെ കേരളാ പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 9 പ്രകാരം 150m2 വരെ Built-Up Area ഉള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീയുടെ 50% ഈടാക്കിയാൽ മതി. എന്നാൽ നിലവിലുള്ള കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾ വരുമ്പോൾ ആകെയുള്ള Built-Up Area (Existing+Proposed), 150m2 നു മുകളിൽ ആണെങ്കിൽ കൂട്ടിച്ചേർത്ത ഭാഗത്തിന് മുഴുവനായും പെർമിറ്റ് ഫീ വാങ്ങേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന കൂട്ടിച്ചേർക്കുന്നതിനുള്ള അപേക്ഷയിൽ ആകെയുള്ള Permit Area (Existing+Proposed) കണക്കാക്കാതെയാണ് പെർമിറ്റ് ഫീ ഈടാക്കിയിരിക്കുന്നത്.

| പെർമിറ്റ് രജിസ്റ്ററിലെ ക്രമ നമ്പർ | കെട്ടിട ഉടമയുടെ പേര് | പെർമിറ്റ് അപേക്ഷ നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണം | ഈടാക്കിയ പെർമിറ്റ് ഫീസ് | ഈടാക്കേണ്ടിയിരുന്ന പെർമിറ്റ് ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 547 | നല്ലൂർ വീട്ടിൽ കൃഷ്ണൻ | 8141/19 Dated 07.12.2019 | Ex.GF – 111.59<br>Prop. FF – 59.52<br>Total – 171.11<br>Additional Area – 59.52 | 210<br>(59.52 X 3.5) | 417<br>(59.52 X 7) | 207 |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 37 തീയതി 11.02.2022) മറുപടിയായി കുറവ് വന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-17 കെട്ടിട നിർമാണ പെർമിറ്റ് രജിസ്റ്ററിലെ അപാകതകൾ

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. എന്നാൽ കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, കെട്ടിടനമ്പർ നൽകിയതിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പൂർത്തീകരണ സർട്ടിഫിക്കറ്റ്

ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നൽകി നികുതി ചുമത്തുന്നതിന്റെ കൃത്യത ഉറപ്പു വരുത്താൻ കഴിയുന്നില്ല. ആയതിനാൽ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളെ കണ്ടെത്താൻ സാധിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിനും വരുമാന നഷ്ടം ഉണ്ടാകുന്നതിനും ഇത് കാരണമായേക്കാം. കൂടാതെ കെട്ടിട നിർമ്മാണ പെർമിറ്റ് സംബന്ധിച്ച ഡിമാൻഡ്, കളക്ഷൻ, ബാലൻസ് എന്നിവ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

പെർമിറ്റ് സംബന്ധിച്ച വിശദാംശങ്ങൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 മൊബൈൽ ടവർ പെർമിറ്റ് നൽകിയത് - തുടർനടപടി സ്വീകരിക്കാത്തത്

കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2019, റൂൾ 130 പ്രകാരം മൊബൈൽ ടവറുകളുടെ പെർമിറ്റ് കാലാവധി ഒരു വർഷമാണ്. പെർമിറ്റ് കാലാവധി നീട്ടിക്കിട്ടുന്നതിന് അതിന്റെ സാധുതാ കാലാവധിയിൽ തന്നെ അപേക്ഷിക്കുന്ന പക്ഷം അസൽ പെർമിറ്റ് ഫീസിന്റെ 50% ഈടാക്കി പെർമിറ്റ് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ ചുവടെ ചേർത്ത മൊബൈൽ ടവറിന്റെ പെർമിറ്റ് കാലാവധി അവസാനിച്ചിട്ടും പെർമിറ്റ് പുതുക്കുകയോ ടവറിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുകയോ ചെയ്തിട്ടില്ല.

| ക്രമ നം | അപേക്ഷ നമ്പർ | മൊബൈൽ ടവറിന്റെ/ ഉടമയുടെ വിവരം | പെർമിറ്റ് നമ്പർ/ തീയതി |
|---|---|---|---|
| 1 | 2398/02.04.19 | റിലൈൻസ് ജിയോ | A6-2398/2019 Dated 21/05/2019 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 36 തീയതി 11.02.2022) മറുപടിയായി ടവറിന് ഒക്യുപ്പൻസി അനുവദിക്കുന്നതിന് നാളിതു വരെ അപേക്ഷ ലഭിച്ചിട്ടില്ലെന്നും ആയതിനാൽ ഫീൽഡ് പരിശോധന നടത്തി ഒക്യുപ്പൻസി ഉറപ്പ് വരുത്തി പെർമിറ്റ് പുതുക്കുന്നതിനുള്ള ഫീ അടക്കം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ

അപാകങ്ങൾ - 150 രൂപയുടെ വരവ് നഷ്ടം ഗ്രാമ പഞ്ചായത്തിലെ 2019-20 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

1) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ അപാകതകൾ കാണാൻ സാധിച്ചു.

| ക്രമ നം | സ്ഥാപനം | പേര് | തസ്തിക | അർദ്ധ വർഷം | ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|
| 1 | വചന ജ്യോതി സോഷ്യൽ സെന്റർ | വൽസ വിൽസൺ | നഴ്സ് | I | 72,000 | 450 | 600 | 150 |
| 2 | വാദിഹുദ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് & അഡ്വാൻസ്ഡ് സ്റ്റഡീസ് | പുരുഷോത്തമൻ എം വി | അസിസ്റ്റന്റ് പ്രൊഫസർ | I | 74,000 | 450 | 600 | 150 |

2) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്ന് സ്ഥാപന നികുതിയും ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

3) പഞ്ചായത്തുമായി 2019-20 സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവർത്തികൾക്കായി കരാറിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 17 തീയതി 08.02.2022) മറുപടിയായി മേൽ പട്ടികയിലെ ക്രമ നമ്പർ 1 ലെ ജീവനക്കാരിയുടെ കുറവ് വന്ന തുക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ക്രമ നമ്പർ 2 ലെ ജീവനക്കാരനിൽ നിന്ന് കുറവ് വന്ന തുക (150രൂപ) ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്ന് സ്ഥാപന നികുതിയും ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതിയും, പഞ്ചായത്തുമായി 2019-20 സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവർത്തികൾക്കായി കരാറിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതിയും ഈടാക്കാത്തത് സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല.തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-20 ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2019-20 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 200 | ഗോവിന്ദ് ആഗ്രോ ഇൻഡസ്ട്രീസ് | 4/588 B | 9 |
| 248 | കറി ലീവ്സ് | 4/242, 243 | 6 |
| 267 | പി എം ജെ ബോർഡ് | 16/405 | 9 |
| 268 | പി എം ജെ വിനിയേഴ്സ് | 16/406 | 6 |
| 317 | തണൽ ഫാമിലി റസ്റ്റോറന്റ് | 6/1016 A | 6 |
| 473 | ABCO ബിസിനസ് ഹൗസ് | 7/675 | 12 |
| 497 | ഇൻഡ്യുറോ സ്പോർട്സ് & റെഡിമെയ്ഡ്സ് | 17/623 | 7 |
| 533 | ഹോട്ടൽ മയൂരി | 6/643 | 7 |
| 657 | സ്പ്രേ പെയിന്റിങ്/ ബോഡി വർക്ക് ഷോപ്പ് | 6/1152 B | 6 |
| 665 | മെൽബൺ ഫർണിച്ചർ & ട്രേഡിങ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 16/310 A | 6 |
| 746 | സ്റ്റീൽ ഇൻ കമ്പനി | 4/192 | 9 |
| 755 | ചെറുതാഴം പൊൻമണി | 11/302 | 8 |
| 821 | ജിയോ ഡിസ്ട്രിബ്യൂട്ടർ | 7/671 E | 6 |
| 824 | ടേസ്റ്റി ബഡ്സ് | 5/569 | 6 |
| 826 | കോഹിന്നൂർ മാർബിൾസ് | 16/755 A | 6 |
| 858 | ഹരിത റസ്റ്റോറന്റ് | 1/188 A | 6 |
| 928 | കിനാര റസ്റ്റോറന്റ് | 16/6 A | 6 |
| 977 | യൂസഫ് കോ ജനറൽ ട്രേഡിംഗ് | 5/834,835 | 6 |

| | | | |
|---|---|---|---|
| 1033 | കളപ്പറം വീവേഴ്സ് ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി | 7/628 | 25 |

മേൽ പട്ടികയിലെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാത്തതിന്റെയും സ്ഥാപനങ്ങളിലെ തൊഴിലുടമകളിൽ നിന്നും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ജീവനക്കാരുടെ വരുമാനത്തെയോ, ശമ്പളത്തെയോ കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുകയോ, ചട്ടം 17 പ്രകാരം നികുതി നിർണ്ണയിക്കുകയോ, ചട്ടം 18 പ്രകാരം ഡിമാൻറ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 18 തീയതി 08.02.2022) മറുപടിയായി തൊഴിൽ നികുതി ഒടുക്കാത്ത തൊഴിൽ ഉടമകൾക്ക് കത്ത് നൽകി തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട് . ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുക്കുന്നതിനായി/ പുതുക്കുന്നതിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട് ഇല്ലാതെ തന്നെ ലൈസൻസ് ഫീസ് നിശ്ചയിച്ച കാണുന്നു. കൂടാതെ ഗ്രാമ പഞ്ചായത്തിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കി തുടങ്ങിയത് എന്ന് മുതൽക്കാണെന്ന് വ്യക്തമല്ല. മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട ഭരണ സമിതി യോഗ തീരുമാനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9 തീയതി 08.02.2022) മറുപടിയായി ഭരണ സമിതി യോഗ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഭരണ സമിതി യോഗ തീരുമാനത്തിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഫീൽഡ് തല അന്വേഷണ റിപ്പോർട്ടും അത് പ്രകാരം കണക്കാക്കിയിട്ടുള്ള മൂലധന നിക്ഷേപവും ആയത് പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസും അപേക്ഷയിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും, ലൈസൻസ് ഫീസ് ഭേദഗതി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കുകയും ഉൽപാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തി ആയതിന് അനുസൃതമായി ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-22 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മുറികളുടെ വാടക ഈടാക്കിയതിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുറികളുടെ വാടക ഒടുക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

1) വാടക ബൈലോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2) മുറികളുടെ വാടക തുകയിൽ വാർഷിക വർദ്ധനവ് വരുത്തുന്നതുമായി ബന്ധപ്പെട്ട രേഖകൾ,വാടകകരാർ എന്നിവ ഹാജരാക്കിയിട്ടില്ല.

3) വാടക ഒടുക്കു വരുത്താൻ വൈകുന്ന സാഹചര്യങ്ങളിൽ വാടകക്കാരിൽ നിന്ന് പിഴ പലിശ ഈടാക്കുന്നതിന്റെ നിരക്ക് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 41 തീയതി 11.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-23 ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ - രേഖകൾ അപൂർണ്ണം

ഗ്രാമപഞ്ചായത്തിൽ ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 2019-20

സാമ്പത്തിക വർഷം വില്പന നടത്തിയ ടെണ്ടർ ഫോറങ്ങളുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. സാമ്പത്തിക മൂല്യമുള്ള രേഖകളെന്ന നിലയിൽ സ്റ്റോക്ക് സൂക്ഷിക്കാതിരുന്നത് ഗുരുതരമായ അപാകമാണ്.ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും നിലവിൽ ഗ്രാമപഞ്ചായത്തിൽ എത്ര ടെണ്ടർ ഫോറങ്ങൾ നീക്കിയിരിപ്പുണ്ടെന്നും ആയത് ഏത് സാമ്പത്തിക വർഷം വാങ്ങിയതാണെന്നും വ്യക്തമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 35/10.02.22 ന് മറുപടിയായി നിലവിൽ ഗ്രാമപഞ്ചായത്തിൽ 438 ടെണ്ടർ ഫോറങ്ങൾ നീക്കിയിരിപ്പുണ്ടെന്നും ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ ഇപ്പോൾ തയ്യാറാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ വിവരങ്ങൾ ലഭ്യമല്ല.

എം എൻ ആർ ഇ ജി എസ്, എൽ എസ് ജി ഡി വിഭാഗങ്ങൾക്ക് എത്ര വീതം ടെണ്ടർ ഫോറങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്നും ഡ്യൂപ്ലിക്കേറ്റ് ഫോറങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ എന്നും വ്യക്തമല്ല. കൃത്യമായ രേഖകൾ സൂക്ഷിക്കേണ്ടതും ദുരുപയോഗം നടക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-24 വാർഷിക സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റോക്ക് രജിസ്റ്ററുകളിൽ സാമ്പത്തിക വർഷാവസാനം സ്റ്റോക്ക് നില പരിശോധിച്ച് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. വാങ്ങുന്ന സാധനങ്ങൾ ഒരുമിച്ച് സ്റ്റോക്കിലെടുക്കുന്ന രീതിയാണ് തുടർന്ന് വരുന്നത്.ഓരോ ഇനത്തിനും പ്രത്യേകം പേജ് നല്കി ഏത് തീയതിയിൽ പരിശോധിച്ചാലും ഭൗതിക പരിശോധനയിലും സ്റ്റോക്ക് രജിസ്റ്ററിലും ഒരേ നീക്കിയിരിപ്പാണോ എന്ന് വ്യക്തമാകുന്ന രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കാത്തത് അപാകമാണ്. ഓരോ സാമ്പത്തിക വർഷാവസാനവും വാർഷിക സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. (കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 158, അനുബന്ധ ഫോറങ്ങൾ ഇവ കാണുക)

## 1-25 പത്രപരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല.

ജി ഒ(ആർ ടി) നം 551/15/ഐ & പി ആർ ഡി തീയതി 20.11.15 ഉത്തരവ് പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ , തദ്ദേശസ്ഥാപനങ്ങൾ എന്നിവ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണ്. എന്നാൽ പത്രപരസ്യങ്ങൾക്ക് ലഭ്യമാകേണ്ട 15% ഡിസ്കൗണ്ട് താഴെപ്പറയുന്ന പരസ്യത്തിന് ലഭ്യമാക്കിയിട്ടില്ല.

| വൗച്ചർ നം | പത്രം/വിവരം |
|---|---|
| 21900541/5.9.19<br>₹ 12388 | മാതൃഭൂമി/പഞ്ചായത്ത് വാഹനം ലേലം/ പുനർലേലം പരസ്യം |

പത്ര പരസ്യങ്ങൾക്കായി തുക ചെലവഴിക്കുമ്പോൾ 15% ഡിസ്കൗണ്ട് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 12/08.02.22 ന് നല്കിയ മറുപടിയിൽ മാതൃഭൂമി പത്രത്തിന് കത്ത് നല്കി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-26 പൊതുടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കൽ-വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

2019-20 വർഷം ചെറുതാഴം ഗ്രാമപഞ്ചായത്ത് പരിധിയിലെ 101 പൊതു ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നതിനായി ഒരു ടാപ്പിന് ₹5250 കണക്കാക്കി ₹5,30,256 മെയിന്റനൻസ് ഫണ്ട്(റോഡിതരം) ത്തിൽ നിന്ന് വകയിരുത്തുകയും അതാത് മാസം തന്നെ ഒടുക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ ഇവയിൽ പ്രവർത്തന ക്ഷമമായ ടാപ്പുകൾ എത്രയാണെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(നം.5/7.2.22) കെ ഡബ്ല്യു എ യിലേക്ക് സംയുക്ത പരിശോധന നടത്തുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും സംയുക്ത പരിശോധന പൂർത്തീകരിച്ച് റിപ്പോർട്ട് ഇതുവരെ ലഭ്യമാക്കിയിട്ടില്ല എന്നാണ് മറുപടി നൽകിയിരിക്കുന്നത്. സംയുക്ത പരിശോധന നടത്തി , പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കാനിടയാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 1-27 അങ്കണവാടികൾക്ക് കുഴൽ കിണർ നിർമ്മാണം-രേഖകൾ ലഭ്യമാക്കിയിട്ടില്ല.₹90,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രോജക്റ്റ് നം | 106/19-20 |
| അടങ്കൽ | 60,615വികസന ഫണ്ട്(പൊതു വിഭാഗം)<br>89385 തനത് ഫണ്ട്<br>30000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ ₹180000 |
| ചെലവ് | ₹60000-വികസന ഫണ്ട്-പൊതു വിഭാഗം (ബിൽ നം/തീയതി 35/18.3.20)<br>₹30000-ജില്ലാ പഞ്ചായത്ത് വിഹിതം (വൗച്ചർ നം.21901165/11.3.20) |

ചക്ലിയ കോളനി അങ്കണവാടി,ഒറന്നിടത്തും ചാൽ അങ്കണവാടി,വിരഞ്ചിറ അങ്കണവാടി,പഴിച്ചിയിൽ അങ്കണവാടി എന്നിവിടങ്ങളിൽ കുഴൽ കിണർ/തുറന്ന കിണർ നിർമ്മിക്കുന്നതിന്റെ സാധ്യത ആരാഞ്ഞുകൊണ്ട് ഭൂജല വകുപ്പിന് കത്ത് അയയ്ക്കുകയും വകുപ്പിൽ നിന്ന് ഭൂജല പര്യവേഷണ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.(GW/KNR/2356/19 തി:27.12.19).അതിനെത്തുടർന്ന് ₹90,000 ഗ്രൗണ്ട് വാട്ടർ ഡിപാർട്ട്മെന്റിൽ കുഴൽക്കിണർ നിർമ്മാണത്തിനായി ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. ഫയൽ പരിശോധനയിൽ താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1)ഏതൊക്കെ അങ്കണവാടികളിലാണ് കുഴൽ കിണർ കുഴിക്കാൻ തീരുമാനമെടുത്തിരിക്കുന്നത് എന്ന് വ്യക്തമല്ല.ഭരണസമിതി തീരുമാനം ലഭ്യമാക്കേണ്ടതാണ്.

2)ചക്ലിയ കോളനി അങ്കണവാടി ഒഴികെയുള്ള അങ്കണവാടികളിൽ കുഴൽ കിണർ കുഴിക്കുന്നത് സംബന്ധിച്ച എസ്റ്റിമേറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമല്ല.വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക്(4/7.2.22) മറുപടി ലഭ്യമാക്കിയിട്ടില്ല.₹90,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## <u>1- 28 അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ച് മാറ്റുന്നതിന് ₹6500 ചെലവഴിച്ചു.തുടർനടപടികൾ വ്യക്തമല്ല.</u>

ചെറുതാഴം ഗ്രാമപഞ്ചായത്ത് 15 ാം വാർഡ് പെരിയാട്ട് 4 സെന്റ് സ്ഥലത്ത് അപകടാവസ്ഥയിലുള്ള മാവ് മുറിച്ച് മാറ്റുന്നതിനായി വൗച്ചർ നം.21901154/5.3.20 പ്രകാരം ₹5500 രൂപയും NHM ആയുർവേദ ഡിസ്പെൻസറിക്ക് സമീപം കടപുഴകിയ മരം മറിച്ച മാറ്റിയ വകയിൽ വൗച്ചർ നം.21900611/510.19 പ്രകാരം ₹1000 രൂപയും തനത് ഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്.പ്രസ്തുത മരത്തടികളുടെയും സമാന രീതിയിൽ മുറിച്ച മാറ്റപ്പെട്ട മറ്റ് മരത്തടികളുടെയും കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(13/8.2.22)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>1-29 പഞ്ചായത്ത് ഓഫീസിലേക്ക് ഫോട്ടോ കോപ്പിയർ വാങ്ങൽ-ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.₹1,29,200 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 34/19-20 |
| അടങ്കൽ | 1,30,000 വികസന ഫണ്ട്(പൊതു വിഭാഗം) |
| ചെലവ് | ₹1,29,200 |
| ബിൽ നം/തിയതി | 106/ 07-11-2019(എ സി ആർ പ്രകാരം) |

ഫോട്ടോകോപ്പിയർ വാങ്ങിയ ഇനത്തിൽ 1,29,200 രൂപ എക്സൽ ബിസിനസ് സിസ്റ്റത്തിന് നൽകിയിട്ടുണ്ട്.ഇൻവോയ്സ് നം.EBS/952/19-20 തീയതി : 14.10.2019- ₹1,29,200 ഫയലിൽ ലഭ്യമാണ്. എന്നാൽ

ടെണ്ടർ നോട്ടീസ്, ടെണ്ടർ രേഖകൾ, കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ്, പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ്, ഭരണസമിതി തീരുമാനങ്ങൾ, ലഭ്യമായ ഫോട്ടോ കോപ്പിയർ ക്വട്ടേഷൻ രേഖകളിൽ പരാമർശിച്ചതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയ രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക്(നം.4/7.2.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹1,29,200 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 ഏഴിലോട് വയോജന വിശ്രമ കേന്ദ്രത്തിലേക്ക് ഫർണിച്ചർ വാങ്ങൽ -ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.₹95,380 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 122/19-20 |
| അടങ്കൽ | ₹95,380 വികസന ഫണ്ട്(പൊതു വിഭാഗം) |
| ചെലവ് | ₹95,380(ബിൽ നം/തിയതി 33/19-20 : 20.2.2020) |

ഏഴിലോട് വയോജന വിശ്രമ കേന്ദ്രത്തിലേക്ക് ആവശ്യമായ ഫർണിച്ചർ ടെണ്ടർ നടപടിക്രമങ്ങളിലൂടെ വാങ്ങുന്നതിനാണ് മേൽ പ്രൊജക്ട് തയ്യാറാക്കിയത് . 95,380 രൂപയുടെ ചെലവ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് (നം.4/7.2.22) രേഖകൾ സ്ഥാനം തെറ്റിയതിനാൽ കണ്ടെത്തുന്നതിന് കൂടുതൽ സമയം ആവശ്യമാണെന്ന് അറിയിച്ചിട്ടുണ്ട്.95,380 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 ഐ.കെ.എം ന് വിഹിതം നൽകൽ-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 28/19-20 |
| പ്രോജക്റ്റിന്റെ പേര് | ഐ.കെ.എം പ്രവർത്തന ഫണ്ട് കൈമാറൽ |
| അടങ്കൽ | ₹69,925വികസന ഫണ്ട്(പൊതു വിഭാഗം) |
| ചെലവ് | ₹69,925 |
| ബിൽ നം/തിയതി | 5/2019-20/20.7.19 |

ഐ.കെ.എം പ്രവർത്തന ഫണ്ട് ഇനത്തിൽ ₹69,925 എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം ന്റെ അക്കൗണ്ടിലേക്ക് 16.7.19 ന് NEFT ട്രാൻസ്ഫർ നടത്തിയിട്ടുണ്ട്.ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് (നം.4/7.2.22) ധനവിനിയോഗ സാക്ഷ്യപത്രം ഐ.കെ.എം ൽ തയ്യാറാക്കി വരുന്നതായും ആയതിന്റെ ഓഡിറ്റ് പൂർത്തിയാകുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്നും ഉള്ള ഇൻഫർമേഷൻ കേരളാ മിഷന്റെ കത്ത് സഹിതം മറുപടി നൽകിയിട്ടുണ്ട് . ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-32 പിലാത്തറ മത്സ്യമാർക്കറ്റിലെ മലിനജലം നീക്കം ചെയ്യുന്നതിന് തനത് ഫണ്ടിൽ നിന്നും ക്രമ പ്രകാരമല്ലാതെ തുക അനുവദിക്കുന്നു

2019-20 വർഷം ചെറുതാഴം ഗ്രാമപഞ്ചായത്തിലെ പിലാത്തറ മത്സ്യമാക്കറ്റിലെ മലിനജലം പിലാത്തറ ശാന്തി നിലയം കോൺവെന്റിലേക്ക് നീക്കം ചെയ്യുന്നതിന് വാഹനം ഓടുന്നതിന് ട്രിപ്പ് ഒന്നിന് 2019 ഏപ്രിൽ മുതൽ ജൂൺ

വരെ ₹260 നിരക്കിൽ ശ്രീ.ഇ.കെ.മുഹമ്മദ് ഷംസീറിനും 2019 സെപ്റ്റംബർ മുതൽ 300 രൂപ നിരക്കിൽ ശ്രീ.രാജേഷ് സി ക്കും തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ട്രിപ്പുകളുടെ എണ്ണം | തുക | വൗച്ചർ നമ്പർ തീയതി |
|---|---|---|---|
| 3/19 | 49 | 12740 | 21900087/30.4.19 |
| 4/19 | 31 | 8060 | 21900151/28.5.19 |
| 5/19 | 17 | 4420 | 21900645/15.10.19 |
| 6/19 | 13 | 3380 | 21900645/15.10.19 |
| 7/19 | ₹13000 വൗച്ചർനം.21900468/31.8.19 പ്രകാരം ശ്രീ.രാജേഷ് സി ക്ക്. | | |
| 8/19 | | | |
| 9/19 | 48 | 14400 | 21900701/2.11.19 |
| 10/19 | 71 | 21300 | 21900780/27.11.19 |
| 11/19 | 81 | 24300 | 21900823/5.12.19 |
| 12/19 | 84 HI സാക്ഷ്യപത്രം | 25200 | 21900914/13.1.20 |
| 1/20 | 79 | 23700 | 21901163/6.3.20 |
| 2/20 | 81 | 24300 | 21901163/6.3.20 |

2012-13 വർഷം പൂർത്തിയായ മത്സ്യമാർക്കറ്റ് കെട്ടിടം ഭാഗം തിരിച്ച് പ്രതിമാസ വാടകയ്ക്കാണ് ഭരണസമിതി തീരുമാനം അനുസരിച്ച് നൽകിവരുന്നത്. 1996ലെ കേരള പഞ്ചായത്ത് രാജ് (പൊതുമാർക്കറ്റുകളുടേയും സ്വകാര്യ മാർക്കറ്റുകളുടെയും നിയന്ത്രണവും ലൈസൻസ് നല്കലും) ചട്ടങ്ങളിലെ ചട്ടം 5(4) പ്രകാരം സ്റ്റാളിന്റെയോ സ്ഥലത്തിന്റെയോ കൈവശക്കാരൻ അവ വൃത്തിയായും ശുചിയായും സംരക്ഷിക്കേണ്ടതും പൊതുജനത്തിനോ മറ്റു കച്ചവടക്കാർക്കോ അസൗകര്യമോ ശല്യമോ ഉണ്ടാക്കുന്ന തരത്തിൽ ചപ്പുചവറുകളോ,വർജ്യ വസ്തുക്കളോ ഉപയോഗ ശൂന്യമായ സാധനങ്ങളോ നിക്ഷേപിക്കുവാൻ പാടില്ലാത്തതുമാകുന്നു.അതായത് സ്റ്റാൾ കൈവശം വച്ചിരിക്കുന്ന ആൾ തന്നെയാണ് അതിന്റെ പരിസരം വൃത്തിയായി സൂക്ഷിക്കേണ്ടത്. അതിനാൽ മത്സ്യമാർക്കറ്റിന്റെ ശുചീകരണത്തിനായി തനത് ഫണ്ടിൽ നിന്നും മേൽപറഞ്ഞ രീതിയിൽ തുക ചെലവഴിക്കുന്നത് ക്രമപ്രകാരമല്ല.

1996 ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ,ചട്ടം 24(1),(2) എന്നിവ പ്രകാരം പരിസരശുചീകരണം ലൈസൻസിയുടെ ഉത്തരവാദിത്വമാണ്.ആയതു ലംഘിക്കുന്നപക്ഷം ചട്ടം 25 പ്രകാരം ലൈസൻസ് റദ്ദാക്കാവുന്നതാണ്.

പിലാത്തറ മത്സ്യമാർക്കറ്റിലെ കച്ചവടക്കാർക്ക് തുടർന്നുള്ള വർഷങ്ങളിൽ ലൈസൻസ് അനുവദിക്കുമ്പോൾ മേൽ ചട്ടം 24(1),(2) എന്നിവ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
മത്സ്യമാർക്കറ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രത്യേകം ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.

ശാന്തി നിലയം കോൺവെന്റിലേക്ക് മലിനജലം എത്തിക്കാനാണ് കരാറുകാരന് നിർദ്ദേശം നൽകിയിരിക്കുന്നത്.എന്നാൽ കോൺവെന്റിലേക്ക് മലിന ജലം എത്തിക്കുന്നതിന് സമ്മതം നല്കിക്കൊണ്ട് മഠവുമായി കരാർ ചമച്ചിട്ടില്ല. മത്സ്യമാർക്കറ്റിലെ ജലം മഠത്തിലേക്കു തന്നെയാണ് കൊണ്ടു പോകുന്നതെന്ന് ഉറപ്പു വരുത്തുന്നുമില്ല.

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (നം.15/08.02.22) മാലിന്യസംസ്കരണത്തിനായി ഗോവർദ്ധൻ എന്ന പേരിൽ ഒരു പ്രൊജക്ടിന് 2021-22 വർഷം രൂപം നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്.മേൽ പദ്ധതി താമസംവിനാ നടപ്പാക്കി തനതുഫണ്ടിൽ നിന്നുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്. ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായി നടപ്പാക്കേണ്ടതും മത്സ്യമാർക്കറ്റ് നടത്തിപ്പ് സംബന്ധിച്ച ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതുമാണ്.

## 1-33 സ്ട്രീറ്റ് ലൈറ്റ് വാർഷിക അറ്റകുറ്റപ്പണിക്ക് കരാറിൽ ഏർപ്പെടൽ -അപാകങ്ങൾ-440000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 137/19-20 |
| അടങ്കൽ | 4,00,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

| | |
|---|---|
| | 2,00,000 തനത് ഫണ്ട് |
| ചെലവ് | 2,44,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>2,00,000 തനത് ഫണ്ട് |
| ബിൽ/വൗച്ചർ നം/തീയതി<br>തുക | 21/24.9.19-2,44,000<br>21901391/31.3.20-2,00,000 |

2019-20 വർഷം കരാറുകാരനായ ശ്രീലേഷ് സി ക്ക് 4,44,000 രൂപ കൈമാറിയിട്ടുണ്ട്.ടെണ്ടർ രേഖകളിൽ ട്യൂബിന് 300/-, CFL ന് 450/-,LED ക്ക് 500/- എന്നിങ്ങനെയാണ് തുക ക്വാട്ട് ചെയ്തിരിക്കുന്നത്.

1.<u>കരാർ വച്ചതിലെ അപാകങ്ങൾ</u>

1).കരാറിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.ഏത് കാലയളവിലേക്കാണ് കരാർ വച്ചിരിക്കുന്നതെന്ന് വ്യക്തമല്ല.

2).കരാറിൽ ഏർപ്പെടുന്ന തെരുവ് വിളക്കുകളുടെ എണ്ണം,ഇനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

3).കരാറിൽ എസ്റ്റിമേറ്റ് /നിരക്ക് രേഖപ്പെടുത്തിയിട്ടില്ല.

2.പരാതി രജിസ്റ്റർ ,റിപ്പയർ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.അതിനാൽ റിപ്പയർ ചെയ്ത തെരുവ് വിളക്കുകളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

3.ഉപയോഗശൂന്യമായ തെരുവ് വിളക്കുകളുടെ എണ്ണം,തരം എന്നിവ രേഖപ്പെടുത്തേണ്ട രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് സൂക്ഷിച്ചിട്ടില്ല.

4.തെരുവ് വിളക്കുകളുടെ സ്ഥിതിവിവരകണക്കുകൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5.ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194സി പ്രകാരം കരാറുകാരനിൽ നിന്നും ഈടാക്കേണ്ട 1 % ആദായ നികുതി ഈടാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (നം.11/8.2.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽക്കാരണങ്ങളാൽ 440000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## <u>1-34 പട്ടികജാതി കോളനികളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ -അപാകങ്ങൾ-4,77,786രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.</u>

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്റ്റ് നം | 142/19-20 |
| അടങ്കൽ | ₹4,80,000<br>വികസനഫണ്ട്(എസ്.സി.പി.) |
| ചെലവ് | ₹4,77,786 |
| ബിൽ നം/തിയതി | 12/28.11.19 |
| നിർവ്വഹണം | അക്രഡിറ്റഡ് ഏജൻസി മുഖേന |

ഗ്രാമപഞ്ചായത്തിലെ ഏഴിലോട് ചക്ലിയ പട്ടികജാതി കോളനിയിൽ 12 മീറ്റർ ഹൈമാസ്റ്റ് ലൈറ്റ് (150W*6LED Flood Lights With 3 Year Warranty) സ്ഥാപിച്ചതിന് സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരളാ ലിമിറ്റഡ് ,ഷിപ്പ് ബ്രെയിക്കിംഗ് യൂണിറ്റ്,കോഴിക്കോടിന് അവർ തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് പ്രകാരം ₹4,77,786 നൽകിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വ്യക്തത വരുത്തേണ്ടതാണ്.

1.അക്രഡറ്റിഡ് ഏജൻസികളിൽ നിന്ന് ടെണ്ടർ ക്ഷണിച്ചാണോ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരളാ ലിമിറ്റഡ് ,ഷിപ്പ് ബ്രെയിക്കിംഗ് യൂണിറ്റ്,കോഴിക്കോടിനെ നിർവ്വഹണ ഏജൻസിയായി തിരഞ്ഞെടുത്തതെന്ന് വ്യക്തമല്ല.

2.സർക്കാരിന്റെ 25-07-2017ലെ G.O.(P)നം.95/2017/ഫിൻ ഉത്തരവിന്റെ അനുബന്ധത്തിലെ ക്രമ നം.11 പ്രകാരം SILK എന്ന സ്ഥാപനത്തിന് ഇലക്ട്രോമെക്കാനിക്കൽ പ്രവ്യത്തികളുടെ പി എം സി ആയി പ്രവർത്തിക്കുന്നതിനാണ് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രവ്യത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവ്യത്തി നടത്തുന്ന ഏജൻസിയെ

തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികളുടെ പി എം സി ആയി പ്രവർത്തിക്കുന്നതിനായി അക്രഡിറ്റേഷൻ എടുത്തിട്ടുള്ള SILK എന്ന സ്ഥാപനത്തെ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നേരിട്ട് ചെയ്യുന്നതിനായി ഏൽപ്പിച്ച നടപടി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

3.സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെ സാധനങ്ങൾ വാങ്ങുന്നതിനായി ചുമതലപ്പെടുത്താമെങ്കിലും സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജ്ജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല.

4.SILK സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കിലാണ് സിൽക്കിന് തുക അനുവദിച്ചിട്ടുള്ളത്.എസ്റ്റിമേറ്റ് തയ്യാറാക്കിയ മാനദണ്ഡം വ്യക്തമല്ല.ഡാറ്റാ ലഭ്യമാക്കിയിട്ടില്ല.

5.സിൽക്കിന് തുക അനുവദിച്ചപ്പോൾ നിർമ്മാണത്തൊഴിലാളി ക്ഷേമനിധിവിഹിതം (1%),ആദായനികുതി,GST- ടി ഡി എസ് (2%) എന്നിവ റിക്കവറി നടത്തിയിട്ടില്ല.

6.ഇലക്ട്രിക്ക് കണക്ഷൻ സംബന്ധിച്ച് കെ എസ് ഇ ബി ക്ക് അടച്ച തുക ₹12,000 സംബന്ധിച്ച രേഖകൾ ഫയലില്ല.

7. എം ബുക്ക് നമ്പർ 022/2019-20 ലെ രേഖപ്പെടുത്തലുകൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.സിൽക്കിൽ നിന്നുള്ള ഉദ്യോഗസ്ഥൻ മാത്രമാണ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്.

8.സ്ഥാപനങ്ങൾക്ക് നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്. SILK എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ല.

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (നം.32/10.2.22) മറുപടി ലഭ്യമാക്കിയിട്ടില്ല. 4,77,786രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. മതിയായ വിശദീകരണവും രേഖകളും ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-35 പട്ടികജാതി വയോജനങ്ങൾക്ക് കട്ടിൽ വിതരണം-അപാകങ്ങൾ-83520രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്റ്റ് നം | 63/19-20 |
| അടങ്കൽ | ₹90,480<br>വികസന ഫണ്ട് (എസ്.സി.പി.) |
| ചെലവ് | ₹83520 |
| ബിൽ നം/തീയതി | 21/29.1.20 |

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 60 വയസ്സുകഴിഞ്ഞ പട്ടിക ജാതിവിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് സബ്സ്ഡി മാർഗ്ഗരേഖയിൽ പരാമർശിക്കുന്ന സ്പെസിഫിക്കേഷനുള്ള കട്ടിൽ വാങ്ങി നൽകുന്നതിനാണ് മേൽ പ്രൊജക്റ്റ്.മത്സരാധിഷ്ഠിത ടെണ്ടർ നടപടിക്രമങ്ങളിലൂടെ ജെ.കെ.ഫർണിച്ചർ തേർത്തല്ലി എന്ന സ്ഥാപനത്തിൽ നിന്നും ₹3480 രൂപ വിലയുള്ള മഹാഗണിയുടെ കട്ടിൽ വാങ്ങി 24 പേർക്ക് വിതരണം ചെയ്തിട്ടുണ്ട് (ഇൻവോയ്സ് നം.110/3.1.20). ഫയൽ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1).ടെണ്ടറിൽ പങ്കെടുത്ത അസിം ഡിസൈനിംഗ് എന്ന സ്ഥാപനം കുറഞ്ഞ നിരക്കുള്ള കട്ടിലുകൾ (സബ്സ്ഡി മാർഗ്ഗരേഖയിൽ പരാമർശിക്കുന്ന സ്പെസിഫിക്കേഷനുള്ളവ) ക്വാട്ട് ചെയ്തിട്ടുണ്ട്.

| | |
|---|---|
| ആഞ്ഞിലി വുഡ്(8mm Plywood) | 3250 |
| മഹാഗണി വുഡ്(8mm Plywood) | 3150 |

കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തവ ഒഴിവാക്കാനുള്ള കാരണം വ്യക്തമല്ല.14.11.19 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ മേൽ പറഞ്ഞ സാമ്പിളുകളുടെ ഗുണനിലവാരം പരിശോധിച്ചതായി രേഖപ്പെടുത്തലുകളില്ല.

2).14.11.19 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ 9mm കനമുള്ള ആഞ്ഞിലി മരത്തിന്റെ കട്ടിൽ വാങ്ങാനാണ് തീരുമാനിച്ചിരിക്കുന്നത്. എന്നാൽ 29.10.19 ലെ 5/154/2019(15) നം തീരുമാനത്തിൽ 9mm കനമുള്ള മഹാഗണി മരത്തിന്റെ ₹3480 രൂപ വിലയുള്ള കട്ടിലാണ് വാങ്ങാൻ തീരുമാനിച്ചിരിക്കുന്നത്.(ടെണ്ടർ നോട്ടിഫിക്കേഷനിൽ 8എംഎം ആണ് നിഷ്കർഷിച്ചത്)

3)വാർഡ് സെന്ററിൽ വച്ച് വിതരണം ചെയ്ത കട്ടിലുകൾ സബ്സ്ഡി മാർഗ്ഗരേഖയിൽ പരാമർശിക്കുന്ന സ്പെസിഫിക്കേഷനുള്ളവ ആണെന്നും മഹാഗണിയുടേത് തന്നെ ആണെന്നും ഉറപ്പുവരുത്തിയ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മേൽപറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (32/10.2.22) മറുപടി ലഭ്യമാക്കിയിട്ടില്ല. 83520രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

## 1-36 പച്ചക്കറി തൈ അടങ്ങിയ മൺചട്ടി വിതരണം-നടപടിക്രമം പാലിച്ചിട്ടില്ല-17ലക്ഷം രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | 69/20 പച്ചക്കറി തൈ അടങ്ങിയ മൺചട്ടി വിതരണം |
| നിർവ്വഹണഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | ₹850000-വികസനഫണ്ട്<br>₹850000-ഗുണഭോക്തൃവിഹിതം |
| ചെലവ് | ₹470000-ബിൽ നം 3/06.09.2019<br>₹380000-ബിൽ നം 5/20.09.2019<br>₹470000-ചെക്ക് നം 1855794 /31.08.2019<br>₹380000-ചെക്ക് നം 1855803/14.10.2019 |
| | ആകെ ₹17,00,000 |
| എൻക്വയറി നം | 40/2019-20 തീയതി 11.02.202 |

ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലെ 10 പേരടങ്ങുന്ന 85 വനിത ഗ്രൂപ്പുകൾക്ക് പച്ചക്കറി തൈകൾ അടങ്ങിയ 100 മൺചട്ടികൾ വീതം സർക്കാർ സ്ഥാപനം/അംഗീകൃത സ്ഥാപനങ്ങൾ/അഗ്രോ സർവ്വീസ് സെന്റർ/കുരുമുളക് ഉല്പാദക കമ്പനി മുഖേന നൽകുക എന്നതാണ് പ്രൊജക്ട് ലക്ഷ്യം.

മേൽ പദ്ധതിപ്രകാരം ആകെ 8500 മൺചട്ടിയിൽ പച്ചക്കറി തൈകൾ പിലാത്തറ കുരുമുളക് ഉല്പാദക കമ്പനിയിൽ നിന്നും വാങ്ങിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | ഇൻവോയ്സ് നം | തീയതി | ലഭിച്ച എണ്ണം | ചെലവായ തുക ₹ |
|---|---|---|---|---|
| 1 | L0003/2019 | 27.08.2019 | 4700 | 940000 |
| 3 | L0004/2019 | 25.09.2019 | 3800 | 760000 |

സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ 14.02.2018 ഖണ്ഡിക6.1(11) പ്രകാരം, വാങ്ങുന്ന മൺചട്ടികൾ, കർഷകഗ്രൂപ്പുകൾ സ്വയം നിർമ്മിക്കുന്നവയാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്.ഇത്തരത്തിലുള്ള സാക്ഷ്യപത്രം പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ചട്ടികൾ പ്രസ്തുത സ്ഥാപനം സ്വയം നിർമ്മിച്ചതാണോ എന്ന് വ്യക്തമല്ല.കൂടാതെ പ്രസ്തുത ഖണ്ഡികയിൽ വനിതാ ഗ്രൂപ്പുകൾക്ക് മൺചട്ടി വിതരണം പരാമർശിച്ചിട്ടില്ല.

ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കാതെ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ചട്ടികൾ നേരിട്ട് വാങ്ങുന്നതിനുള്ള സർക്കാർ അനുമതിയുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

സ.ഉ(കൈ)നം22/2018/തസ്വഭവ തീയതി 14.02.2018 ലെ ഖണ്ഡിക 2.7 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങൾ മാർഗ്ഗരേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ ജി ഒ(പി)259/2010/ തസ്വഭവ തീയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ബാധകമായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള

മാർഗ്ഗരേഖ സ.ഉ.(പി) 259/2010/ ത.സ്വ.ഭ.വ. തീയതി 08-11-2010 നിർദ്ദേശമായ ടെണ്ടർ നടപടിക്രമങ്ങൾ(ഖണ്ഡിക 3.2 ഓപ്പൺ ടെണ്ടർ) പാലിച്ചിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ 1700000രൂപയുടെ ചെലവ് തടത്തിൽ വെക്കുന്നു.

## 1-37 വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ-എൽ എസ് ജി ഡി എഞ്ചിനീയർ മൂല്യനിർണയം നടത്തിയതിനേക്കാൾ കൂടുതൽ തുക നൽകി.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 43/20 |
| പ്രൊജക്റ്റിന്റെ പേര് | വാസസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ |
| അടങ്കൽ | 1700000<br>(വികസനഫണ്ട്-850000<br>തനത് ഫണ്ട്-850000) |
| ചെലവ് 1340000രൂപ | ബിൽ നം,തീയതി തുക<br>1/2019-20 ,31.08.2019-₹240000<br>2/19-20,30.09.19 ₹240000<br>3/19-20,12.11.19 ₹160000<br>4/19-20,30.12.19 ₹180000<br>5/19-20,24.01.2020 ₹30000<br>**തനതു ഫണ്ട് ചെലവുകൾ**<br>വിഇഒയുടെ ക്യാഷ്ബുക്ക് പ്രകാരമുള്ള വൗച്ചർ നമ്പർ തീയതി<br>6/19-20,01.02.20 ₹90000<br>7/19-20,07.03.2020 ₹240000<br>8/19-20, 30.03.2020 ₹120000<br>9/19-20,26.03.2020 ₹40000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ |

ശ്രീ.മാത്യു കെ, (കെട്ടിട നമ്പർ 590/12 ) എന്ന ഗുണഭോക്താവുമായി കരാർ വെച്ചതിന്റ അടിസ്ഥാനത്തിൽ ബിൽ നം 01/19-20 / 31.08.2019 പ്രകാരം ₹40000 രൂപ മുൻകൂറായി ഭവനനിർമ്മാണത്തിന് അനുവദിച്ചിട്ടുണ്ട്.ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ , എൽ എസ് ജി ഡി എഞ്ചിനീയറുടെ മൂല്യനിർണയ സർട്ടിഫിക്കറ്റ് പ്രകാരം വീടുകൾ വാസയോഗ്യമാക്കൽ എന്ന പ്രവൃത്തിക്ക് ആകെ മൂല്യം കണക്കാക്കിയിട്ടുള്ളത് 20197 രൂപ മാത്രമാണ്.എന്നാൽ ബിൽ നമ്പർ 1 പ്രകാരം പിൻവലിച്ച തുകയിൽ നിന്നും ടിയാന് 40000 രൂപ (അക്കൗണ്ട് നം 0402053000009962) അനുവദിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തിയതിലും കൂടുതൽ തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/10.02.22) മറുപടിയായി ഗുണഭോക്താവ് എൽ എസ് ജി ഡി എഞ്ചിനീയർക്ക് 123611 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ടെന്നും ആയതിനാലാണ് ടിയാന് 40000 രൂപ അഡ്വാൻസ് നൽകിയതെന്നും അറിയിച്ചിട്ടുണ്ട്. നൽകിയ തുകയ്ക്ക് അനുസൃതമായി പ്രവൃത്തി നടത്തി വിവരം അറിയിക്കുകയോ അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-38 പടന്നപ്പുറം ശ്മശാനം നിർമ്മാണം-പദ്ധതി പ്രവർത്തനക്ഷമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ പേര് | 147/2020 പടന്നപ്പുറം ശ്മശാനം നിർമ്മാണം(സ്പിൽ ഓവർ പദ്ധതി) |
| ആകെ അടങ്കൽ- | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- |

| | |
|---|---|
| 4100000 | ₹4,00,000<br>തനത് ഫണ്ട്-₹17,00,000<br>മറ്റുള്ളവ-₹20,00,000 |
| 2019-20 ലെ അടങ്കൽ | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-₹4,00,000,<br>തനത് ഫണ്ട്-₹1252167<br>ആകെ ₹16,52,167 |
| ആകെ ചെലവ് ₹ 3053270 | 2018-19-₹24,47,833<br>ബിൽ നമ്പർ 26/2019-20 തീയതി 05.09.2019-400000(2019-20 ൽ)<br>ബിൽ നമ്പർ 51801459 തീയതി 24.08.2019-₹205437(2019-20) |
| കരാറുകാരന്റെ പേര് | ശ്രീ.റനീഷ് രേർമൽ |
| കരാർ തുക | ₹3083135.85 |
| കരാർ തീയതി | 01.01.2018 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട ദിവസം | 30.01.2019 |
| പ്രവൃത്തി പൂർത്തീകരിച്ച ദിവസം | 12.03.2019 |
| എം.ബുക്ക് നമ്പർ. | 59/2017-18 |
| ഓഡിറ്റ് എൻക്വയറി നം | 03/2019-20/07.02.2022 |

കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 07.11.2017 തീയതിയിലെ EE/LSGD/KNR/Cheruthazhamgp/179/2017 നടപടിക്രമങ്ങൾ പ്രകാരം അംഗീകാരം ലഭിച്ച (TS No.86156/2017-18 EST No.2017/134175 ) പ്രൊജക്ടിന്റെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് പ്രകാരം താഴെ കൊടുത്ത പ്രവൃത്തികളാണ് ചെയ്യേണ്ടത്.

1.Shed And Compound Wall

2.Truss & Sheet Roof Works

3.LS For Electrification Unforseen Items If Any

4.Appendix -B-Road Taring To Buriyal Ground

5.LS For Oven

6.Water Supply And Sanitary Arrangement

7.L S For Electrification

മേൽ പറഞ്ഞ 7 ഇനങ്ങൾക്കും വേണ്ടി 4100000 രൂപ വകയിരുത്തിയെങ്കിലും ക്രമനമ്പർ 1,2,3 എന്നീ ഇനങ്ങൾക്ക് മാത്രമാണ് കരാർ നൽകിയിട്ടുള്ളത്.ബാക്കി ഇനങ്ങൾ നിർവ്വഹണം നടത്തിയതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് ഇലക്ട്രിക്കൽ എക്സ്റ്റൻഷൻ കൂടി നടത്തേണ്ടിയിരുന്നതിനാൽ പ്രവൃത്തി നടത്താൻ സാധിച്ചിട്ടില്ലെന്നും 2020-21 വർഷം കുഴൽ നിർമ്മാണത്തിനും മോട്ടോറും അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനും പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. 2018-19 വർഷം തുടങ്ങിയ പ്രവൃത്തി നാളിതുവരെ പൂർത്തിയാക്കാത്തത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.തുടർ പ്രവൃത്തി അടിയന്തിരമായി ചെയ്ത് പദ്ധതി പ്രവർത്തന ക്ഷമമാക്കേണ്ടതാണ്.

## 1-39 ആസൂത്രണത്തിലെ പിഴവ് മൂലം പഞ്ചായത്ത് ഓഫീസിൽ ലിഫ്റ്റ് പ്രവൃത്തി

പ്രാവർത്തികമായില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 162/2020 |
| പ്രൊജക്ടിന്റെ പേര് | പഞ്ചായത്ത് ഓഫീസിന് ലിഫ്റ്റും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ |
| അടങ്കൽ -1000000 | 365000രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>635000 (തനത് ഫണ്ട്) |
| ചെലവ് -432037 | ബിൽ നം 30/2019-20 തീയതി 20.12.2019-365000രൂപ<br>ചെക്ക് നമ്പർ 31568/07.12.2018 -67037രൂപ |
| കരാറുകാരൻ | ശ്രീ. കെ രവീന്ദ്രൻ |
| ഓഡിറ്റ് എൻക്വയറി നം | 03/2019-20/07.02.2022 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

സ.ഉ(കൈ) നം 11/2018/തസ്വഭവ തീയതി 29.01.2018 ഖണ്ഡിക 6.6ൽ കുടിവെള്ള പ്രൊജക്ടുകൾ, ശുചിത്വം, കക്കൂസ് മാലിന്യ പരിപാലനം,മലിനജല നിർഗമനം,ഖരമാലിന്യ പരിപാലനം,ആശുപത്രികൾ,സ്കൂളുകൾ,അങ്കണവാടികൾ തുടങ്ങിയ സാമൂഹ്യ ആസ്തികളുടെ നിർമ്മാണവും അറ്റകുറ്റപ്പണിയും,റോഡുകൾ,നടപ്പാതകൾ എന്നിവയുടെ നിർമ്മാണവും അറ്റകുറ്റപ്പണിയും,തെരുവ് വിളക്കുകൾ സ്ഥാപിക്കലും മെയിന്റനൻസും,ശ്മശാനങ്ങൾ സ്ഥാപിക്കലും മെയിന്റനൻസും തുടങ്ങിയ അടിസ്ഥാന സേവന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും മാത്രമായിരിക്കണം പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.മേൽ പരാമർശിച്ചവയിൽ ഉൾപ്പെടാത്ത പഞ്ചായത്ത് ഓഫീസിന് ലിഫ്റ്റും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ എന്ന പ്രൊജക്ടിന് ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പ്രസ്തുത പ്രൊജക്ടിന് 2019-20 വർഷം 432037 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.`ഗ്രാമപഞ്ചായത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ നിന്നും ഒന്നാം നിലയിലേക്കാണ് ലിഫ്റ്റ് സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.നിലവിൽ ലിഫ്റ്റിന്റെ പ്രാഥമിക ഘട്ടം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ.പ്രവൃത്തി പൂർത്തിയാക്കാത്തിന് കാരണം അന്വേഷിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പദ്ധതിയിലെ നിർമ്മാണ പ്രവൃത്തിയായ ലിഫ്റ്റ് വെൽ നിർമ്മാണത്തിന് മാത്രമാണ് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടത്തിയിരുന്നതെന്നും മെഷനറി സ്ഥാപിക്കുന്നതിന് ആവശ്യമായ മുഴുവൻ തുകയും പ്രസ്തുത വർഷം ലഭ്യമായിരുന്നില്ലെന്നും അറിയിച്ചിട്ടുണ്ട്.അസിസ്റ്റന്റ് എഞ്ചിനീയർ മെഷനറി സ്ഥാപിക്കുന്നതിന് ആവശ്യമായ തുക ലഭ്യമാക്കുന്നതിന് 14.11.2019 ന് രേഖാമൂലം പഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നുവെന്നും വ്യക്തമാക്കിയിട്ടുണ്ട്.2020-21 വർഷം പ്രൊജക്ട് നമ്പർ 160/2021 പ്രകാരം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലവ് ചെയ്തിട്ടില്ല. 2021-22 വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. വ്യക്തമായ ആസൂത്രണമില്ലാതെ ലിഫ്റ്റ് നിർമ്മാണം നടത്തിയത് വഴി പൊതുപണത്തിന്റെ പാഴ്ചെലവാണ് ഉണ്ടായിരിക്കുന്നത്.

## 1-40 മൃഗസംരക്ഷണ മേഖലയിൽ പ്രോജക്ട് നിർവ്വഹണം കാര്യക്ഷമമായില്ല

സാമ്പത്തിക വർഷം വെറ്റിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി മൃഗസംരക്ഷണ മേഖലയിൽ 4 പ്രോജക്ടുകൾക്കാണ് തുക വകയിരുത്തിയിട്ടുള്ളത്. ആയതിൽ 1 പ്രോജക്ടു മാത്രമാണ് നടപ്പാക്കിയത്.

ഗ്രാമപഞ്ചായത്തിലെ സ്റ്റാറ്റസ് റിപ്പോർട്ട് (2017-2022) പ്രകാരം ,ഗ്രാമപഞ്ചായത്ത് മൃഗസംരക്ഷണമേഖലയിൽ നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | നടപ്പാനുദ്ദേശിക്കുന്ന പദ്ധതികൾ |
|---|---|
| 1 | കന്നുകുട്ടി പരിപാലന പദ്ധതി |
| 2 | പാലുല്പാദനം ഇരട്ടിയാക്കുന്നതിനാവശ്യമായ പദ്ധതികൾ |
| 3 | ബീജ സങ്കലന കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക |
| | |

| | |
|---|---|
| 4 | മൃഗാശുപത്രി കെട്ടിടങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക |
| 5 | അലഞ്ഞുതിരിയുന്ന പട്ടികളെ മുഴുവനായും വന്ധ്യംകരണത്തിന് വിധേയമാക്കുക |

22.12.2018 തീയതിയിൽ ചേർന്ന മൃഗസംരക്ഷണവും ക്ഷീരവികസനവും സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ 2019-20 വർഷത്തെ പദ്ധതി രൂപീകരണ ചർച്ചയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

| ക്രമനം | പ്രൊജക്ടിന്റെ പേര് |
|---|---|
| 1 | വെറ്ററിനറി ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| 2 | കന്നുകുട്ടി പരിപാലനം |
| 3 | മുട്ടക്കോഴി വിതരണം-ബി പി എൽ കുടുംബങ്ങൾക്ക് |
| 4 | മൃഗാശുപത്രിക്ക് ഭൗതിക സൗകര്യം വർദ്ധിപ്പിച്ച് സർജിക്കൽ ടേബിൾ,കമ്പ്യൂട്ടർ എന്നിവ വാങ്ങൽ |
| 5 | ദുർബല വിഭാഗങ്ങൾക്ക് ആടുകളെ വിതരണം ചെയ്യുക |
| 6 | മുഴുവൻ ക്ഷീരകർഷകർക്കും തൊഴുത്ത് നിർമ്മാണം |
| 7 | തീറ്റപുല്ല് കൃഷി |

വെറ്ററിനറി സർജൻ നടപ്പിലാക്കിയ മൃഗസംരക്ഷണം വികസന മേഖലയിൽ തൻവർഷം 1565000 രൂപ വകയിരുത്തിയതിൽ 250000 രൂപ (പ്രൊജക്ട് നമ്പർ 98/2020, മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ) മാത്രമാണ് ചെലവഴിച്ചത്. മുഖ്യ തൊഴിലായോ ഉപതൊഴിലായോ മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്നവരെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്ന പ്രൊജക്ടുകൾ വിഭാവനം ചെയ്യേണ്ടതും പാൽ, മുട്ട, മാംസം എന്നിവയുടെ ഉദ്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്ന തരത്തിൽ പദ്ധതികൾ നടപ്പിലാക്കേണ്ടതും വെറ്ററിനറി സർജന്റെ ചുമതലയാണ്. തുടർനടപടികൾ സ്വീകരിക്കേണ്ടതിലേക്കായി വിഷയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

## 1-41 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നല്കി -20266.5രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | ക്ഷീര കർഷകർക്ക് പാലുൽപാദനത്തിന് ധനസഹായം |
| പ്രൊജക്ട് നം | 101/20 |
| അടങ്കൽ | ₹15,00,000/- (₹5,00,000- തനത് ഫണ്ട്, ₹5,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ₹5,00,000 ജില്ലാ പഞ്ചായത്ത് വിഹിതം) |
| ബിൽനം/ചെക്ക് നം/ തീയ്യതി/ഉക | 288 തീയതി 31.03.2020 ₹1,00,000<br>289 തീയതി 31.03.2020 ₹1,00,000<br>290 തീയതി 31.03.2020 ₹2,44,053<br>291 തീയതി 31.03.2020 ₹55,947<br>ചെക്ക് നം 2486912 തീയതി 31.03.2020 ₹5,00,000<br>ആകെ - ₹10,00,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

പഞ്ചായത്തിലെ സ്ഥിര താമസക്കാരായ, ക്ഷീര സംഘത്തിൽ പാലളക്കുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ചത്. 27/09/2019 ലെ ഭരണ സമിതി യോഗ തീരുമാന പ്രകാരം ചെറുതാഴം, ഏഴോം ക്ഷീരോൽപാദക സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന 277 ക്ഷീര കർഷകരെയാണ് പദ്ധതി ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

1) ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ചുവടെ ചേർത്ത വ്യക്തികൾക്ക് പദ്ധതിയുടെ ഭാഗമായി തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ | അളന്ന പാൽ | അനുവദിച്ച തുക |
|---|---|---|---|---|
| 1 | അനിൽകുമാർ പി വി | 4334000500107450 | 307.5 | 922.5 |
| 2 | ദേവകി കെ | 40423100010302 | 276.9 | 830.7 |
| 3 | ദേവകി കെ | 40423100010060 | 227 | 681 |
| 4 | ഗോപാലകൃഷ്ണ എൻ | 11260100524658 | 450.7 | 1352 |
| 5 | ഗണേശൻ പി പി | 40423100010052 | 747.9 | 2243.7 |
| 6 | ഗോവിന്ദൻ വി എം | 40423100002396 | 217.7 | 653.1 |
| 7 | ഹമീദ് എസ് വി | 37077861967 | 29.4 | 88.2 |
| 8 | കനകവല്ലി ടി വി | 40423100010635 | 212.3 | 636.9 |
| 9 | മഹേഷ് കെ വി | '0612053000002618 | 158.5 | 475.5 |
| 10 | നസീമ വി എം | 40423101013621 | 1381.2 | 4143.6 |
| 11 | ശശിധരൻ കെ എം | 40423100009741 | 195.7 | 587.1 |
| 12 | സുമേഷ് കെ വി | 40423100010795 | 838.4 | 2515.2 |
| 13 | ദാമോദരൻ ടി വി | 40494101007897 | 1712.5 | 5137 |
| | | | ആകെ | ₹20266.5 |

2) പദ്ധതിയുടെ മോണിറ്ററിങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.45 തീയതി 11.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. മേൽ പട്ടികയിലെ വ്യക്തികളെ പിന്നീട് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങളും ഇവരുടെ അപേക്ഷകളുടെയും അനുബന്ധ രേഖകളുടെയും പകർപ്പും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. 20266.5 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 1-42 കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ - 14851രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ |
| പ്രൊജക്ട് നം | 188/20 |

| | |
|---|---|
| അടങ്കൽ | ₹1,14,726/- (വികസനഫണ്ട്) |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | 12/19-20 തീയതി 27.03.2020 ₹1,14,725 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി,<br>ചെറുതാഴം ഗ്രാമ പഞ്ചായത്ത്. |

കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, ഫോട്ടോകോപ്പിയർ, A4 മൾട്ടി ഫങ്ഷൻ പ്രിന്റർ എന്നിവ വാങ്ങുന്നതിനാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. കെൽട്രോണിൽ നിന്നാണ് ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

1. ഉപകരണങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് കെൽട്രോണിൽ നിന്നുള്ള പ്രൊഫോമ ഇൻവോയിസുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. കെൽട്രോണിൽ നിന്നുള്ള ഒറിജിനൽ ഇൻവോയിസുകൾ ലഭ്യമാക്കേണ്ടതാണ്.

2. ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറും ഫോട്ടോകോപ്പിയറും മാത്രമാണ് സ്റ്റോക്കിൽ എടുത്തിട്ടുള്ളത്. A4 മൾട്ടി ഫങ്ഷൻ പ്രിന്റർ സ്റ്റോക്കിൽ എടുത്തിട്ടില്ല.

3. തുക കൈപ്പറ്റിയത് സംബന്ധിച്ച് കെൽട്രോണിൽ നിന്നുള്ള കൈപ്പറ്റ് രശീത് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24 തീയതി 10.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയുടെ അടിസ്ഥാനത്തിൽ സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത എ4 മൾട്ടിഫങ്ഷൻ പ്രിന്ററിന്റെ വിലയായ 14851 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽപ്പരാമർശിച്ച രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## <u>1-43 കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് ഹെമറ്റോളജി അനലൈസർ വാങ്ങൽ -169920രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.</u>

| | |
|---|---|
| പദ്ധതിയുടെ പേര് | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് ഹെമറ്റോളജി അനലൈസർ വാങ്ങൽ |
| പ്രൊജക്റ്റ് നം | 48/20 |
| അടങ്കൽ | ₹1,69,920/- (വികസന ഫണ്ട്) |
| ബിൽനം/തീയ്യതി/തുക | 08/19-20 തീയതി 15.11.2019 ₹1,69,920 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി,<br>ചെറുതാഴം ഗ്രാമ പഞ്ചായത്ത്. |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. Labx, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നാണ് ഹെമറ്റോളജി അനലൈസർവാങ്ങിയിട്ടുള്ളത്. 29.09.2019 ലെ KMCL/EP/T296/55/2018 (R) നമ്പർ കോൺട്രാക്റ്റിന്റെ അടിസ്ഥാനത്തിൽ 18.06.2019 ലെ 310/2019 നമ്പർ കത്ത് മുഖേന പർച്ചേസ് ഓർഡർ നൽകിയതിനെ തുടർന്നാണ് സ്ഥാപനം ഹെമറ്റോളജി അനലൈസർ വിതരണം ചെയ്തിരിക്കുന്നത് (Labx ന്റെ 10.08.2019 ലെ കത്തിൽ ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്). എന്നാൽ പ്രസ്തുത കോൺട്രാക്റ്റിന്റെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ സ്വകാര്യ സ്ഥാപനത്തിൽ നിന്ന് പർച്ചേസ് നടത്തിയതിന്റെ കാരണം വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട പർച്ചേസ് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

2. ഹെമറ്റോളജി അനലൈസറിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

3. പർച്ചേസുമായി ബന്ധപ്പെട്ട് 1,69,920 രൂപ Labx ന് കൈമാറിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ നിന്നുള്ള കൈപ്പറ്റ് രശീത് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25 തീയതി 10.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. 169920 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 1-44 പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ & ലാബിന് വേണ്ട സാധനങ്ങൾ വാങ്ങൽ -രേഖകൾ ഹാജരാക്കിയില്ല -100000രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേര്, നമ്പർ | പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ & ലാബിന് വേണ്ട സാധനങ്ങൾ വാങ്ങൽ ,40/20 |
| അടങ്കൽ | ₹1,00,000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽനം /തീയ്യതി/തുക | 04/19-20 തീയതി 08.09.2019 ₹26,760<br>07/19-20 തീയതി 15.11.2019 ₹60,000<br>19/19-20 തീയതി 31.03.2020 ₹13,240<br>ആകെ : ₹1,00,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി,<br>ചെറുതാഴം ഗ്രാമ പഞ്ചായത്ത്. |

കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് 2019-20 സാമ്പത്തിക വർഷത്തേക്ക് ലാബിലേക്കും ഫാർമസിയിലേക്കുമുള്ള മരുന്നുകളും റീ ഏജന്റുകളും ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്ന് NAC വാങ്ങി ലോക്കൽ പർച്ചേസ് ചെയ്യുന്നതിനാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

1. 29.07.19 ലെ എൽ എസ് ജി ഡി ക്വട്ടേഷൻ നം. 01/2019 പ്രകാരം ലാബ് റീ ഏജന്റുകളും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതാണ്. മൂന്ന് സ്ഥാപനങ്ങൾ ക്വട്ടേഷനിൽ പങ്കെടുക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കൃപ സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്ന് ഉൽപ്പന്നങ്ങൾ വാങ്ങാൻ തീരുമാനിച്ചതുമാണ്. ക്വട്ടേഷൻ മുഖേന ആവശ്യപ്പെട്ട ഉൽപ്പന്നങ്ങൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് 20,181 രൂപയുടെ ബിൽ സ്ഥാപനം സമർപ്പിച്ചിട്ടുണ്ട് (ബിൽ നം. 1760 തീയതി 03.08.2019). എന്നാൽ ഇതോടൊപ്പം അതേ സ്ഥാപനത്തിന്റെ 12.06.2019 ലെ 916 നമ്പർ ബിൽ പ്രകാരമുള്ള 6579 രൂപ കൂടി ചേർത്താണ് സ്ഥാപനത്തിന് 26760 രൂപ കൈമാറിയിട്ടുള്ളത്. ക്വട്ടേഷൻ ക്ഷണിച്ച തീയതിക്ക്(29.07.19) മുൻപുള്ള ബിൽ തുക അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല.

2. പർച്ചേസ് ചെയ്ത ഉൽപ്പന്നങ്ങൾ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3. ലാബിലേക്കും ഫാർമസിയിലേക്കുമുള്ള മരുന്നുകളും റീ ഏജന്റുകളും വാങ്ങിയതുമായി ബന്ധപ്പെട്ട് 60,000 രൂപ ജെ.കെ. എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ നിന്നുള്ള കൈപ്പറ്റ് രശീത് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26 തീയതി 10.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. 100000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-45 സാന്ത്വന പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | സാന്ത്വന പരിചരണ പരിപാടി |
| പ്രൊജക്ട് നം | 38/20 |
| അടങ്കൽ | ₹6,82,824/- (₹3,60,724- വികസനഫണ്ട്, ₹1,61,050 - ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ₹1,61,050 - ജില്ലാ പഞ്ചായത്ത് വിഹിതം) |
| ബിൽനം/ചെക്ക് നം/ തീയ്യതി/തുക | 1/19-20 തീയതി 09.07.2019 ₹97,450<br>2/19-20 തീയതി 22.08.2019 ₹35,450<br>3/19-20 തീയതി 08.09.2019 ₹34,400<br>5/19-20 തീയതി 24.10.2019 ₹34,650<br>6/19-20 തീയതി 15.11.2019 ₹35,000 |

| | |
|---|---|
| | 10/19-20 തീയതി 21.12.2020 ₹34,400<br>11/19-20 തീയതി 21.01.2020 ₹34,600<br>13/19-20 തീയതി 25.02.2020 ₹19,750<br>15/19-20 തീയതി 23.03.2020 ₹34,650<br>14/19-20 തീയതി 25.02.2020 ₹15,000<br>16/19-20 തീയതി 23.03.2020 ₹77,000<br>ആകെ - ₹4,52,350 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി,<br>ചെറുതാഴം ഗ്രാമ പഞ്ചായത്ത്. |

പഞ്ചായത്തിലെ കിടപ്പ് രോഗികളായവർക്ക് സാന്ത്വനപരിചരണം നൽകുന്നതിനായി പാലിയേറ്റീവ് കെയർ നഴ്സിന്റെ വേതനം, വാടകയ്ക്കെടുത്ത വാഹനത്തിന്റെ പ്രതിദിന ചാർജ്ജ്, ഹോംകെയർ, മറ്റ് ചെലവുകൾ എന്നീയിനങ്ങളിലെ ചെലവുകൾ നടത്തുന്നതിനാണ് പ്രോജക്റ്റ് രൂപീകരിച്ചിരിക്കുന്നത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019/ ത.സ്വ.ഭ.വ തീയതി 7.3.2019പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട പുതുക്കിയ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചതാണ്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2-2 പ്രകാരം വാർഡ് തല പ്രവർത്തനത്തിന്റെ ഭാഗമായി ദീർഘ പരിചരണം ആവശ്യമുള്ളവരെ വാർഡടിസ്ഥാനത്തിൽ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതും ഇവർക്ക് മാനസിക സാമൂഹിക പിന്തുണ നൽകുന്നതിന്റെ ഭാഗമായി വാർഡ് തലത്തിൽ ആരോഗ്യ അവലോകന സമിതി രൂപീകരിക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിൽ ഇത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019/ ത.സ്വ.ഭ.വ തീയതി 7.3.2019 2-3 പ്രകാരം പഞ്ചായത്തിൽ ദീർഘകാല പരിചരണം ആവശ്യമുള്ളവരുടെ ലിസ്റ്റ് സബ്സെന്റർ തലത്തിൽ കണ്ടെത്തി ഓരോ രോഗിക്കും പരിചരണം ഉറപ്പാക്കേണ്ടതും തുടർച്ചയായി മരുന്നുകൾ ആവശ്യമുള്ളവരെ ആരോഗ്യ കേന്ദ്രത്തിലെ ഓ.പി.യിലേക്ക് റഫർ ചെയ്യേണ്ടതും നഴ്സിംഗ് പരിചരണം ആവശ്യമായവരെ ഹോം കെയർ യൂണിറ്റിലേക്കും റഫർ ചെയ്യേണ്ടതാണ്. എന്നാൽ സബ്സെന്റർ തലത്തിൽ ഇത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. മാർഗരേഖ ഖണ്ഡിക 2.4.2 പ്രകാരം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ടുകൊണ്ടു പോകുന്നതിനായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി ഓരോ പഞ്ചായത്തും രൂപീകരിക്കേണ്ടതാണ്. എല്ലാ മാസവും 5 ാം തീയതിക്കുമുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. മാർഗരേഖ ഖണ്ഡിക 2.16 പ്രകാരം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും പാലിയേറ്റീവ് കെയർ സംബന്ധിച്ച പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതാണ്. പ്രോജക്റ്റ് രൂപീകരണ ഫോറം പ്രകാരം മോണിറ്ററിംഗിനായി ആരോഗ്യം വർക്കിംഗ് ഗ്രൂപ്പിനെയാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

5.പാലിയേറ്റീവ് പരിചരണ പദ്ധതി ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധികരിച്ചിട്ടില്ല. ആയത് പ്രസിദ്ധീകരിക്കേണ്ടതും കാലാകാലങ്ങളിലുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തേണ്ടതുമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27 തീയതി 10.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-46 ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് സൗജന്യ മരുന്ന് വിതരണം -മുഴുവൻ മരുന്നുകളും ലഭ്യമായില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് സൗജന്യ മരുന്ന് വിതരണം |

| | |
|---|---|
| പ്രൊജക്ട് നം | 47/20 |
| അടങ്കൽ | ₹2,00,000/- (₹1,50,000 - വികസന ഫണ്ട്, ₹50,000തനത് ഫണ്ട് ) |
| ബിൽനം/ചെക്ക് നം/ തീയ്യതി/തുക | 09/19-20 തീയതി 10.12.2019 ₹1,00,000<br>18/19-20 തീയതി 31.03.2020 ₹50,000<br>269 തീയതി 24.03.2020 ₹50,000<br>ആകെ ₹2,00,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി,<br>ചെറുതാഴം ഗ്രാമ പഞ്ചായത്ത്. |

ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് വിതരണം ചെയ്യുന്നതിനായി മരുന്ന് വാങ്ങുന്നതുമായി ബന്ധപ്പെട്ട് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (നം.3624001800000037) 2,00,000 രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ 50,000 രൂപയുടെ മരുന്ന് ലഭ്യമായതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 42 തീയതി 11.02.2022) മറുപടി നല്കിയിട്ടില്ല. പർച്ചേസ് ബില്ലുകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-47 വിതരണം ചെയ്യാത്ത സാധനത്തിന്റെ വില നല്കി- 27440 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ , പേര് | 59/20,അംഗൻവാടി പോഷകാഹാര വിതരണം |
| അടങ്കൽ | ₹3956000 (₹1256000-വികസന ഫണ്ട്-ജനറൽ, ₹1700000-കേന്ദ്രാവിഷ്കൃത വിഹിതം, ₹1000000-തനതു ഫണ്ട്) |
| ചെലവ് | ₹39,56,000 |

ചെലവിന്റെ വിശദാംശങ്ങൾ

| ബിൽ / ചെക്ക് നമ്പർ , തീയതി | തുക |
|---|---|
| 2/11.07.19 | 724068 |
| 3/15.09.19 | 89360 |
| 4/17.09.19 | 248876 |
| 5/21.10.19 | 36373 |
| 7/28.11.19 | 48617 |
| 9/24.12.19 | 23765 |
| 12/06.01.2020 | 24626 |
| 14/25.02.2020 | 27727 |
| 15/13.03.2020 | 32588 |
| **ആകെ** | **₹12,56,000** |

| | |
|---|---|
| 1855804/18.10.19 | 298265 |
| 1855808/14.11.19 | 314324 |
| 1855809/14.11.19 | 101735 |
| 1855810/28.11.19 | 401629 |
| 4856788/12.02.20 | 187045 |
| 4856785/7.02.20 | 438530 |
| 4856787/10.02.20 | 340191 |
| 4856800/23.03.20 | 451549 |
| 24606/23.03.20 | 39231 |
| 24605/23.03.20 | 122725 |
| 24604/23.03.20 | 4776 |
| ആകെ | **₹27,00,000** |
| **ആകെ മൊത്തം** | **₹12,56,000+ ₹27,00,000=₹39,56,000** |

പദ്ധതിയുടെ ഭാഗമായി സപ്ലൈകോയിൽ നിന്നും ബിൽ നമ്പർ Sup/1303901/19/749 തീയതി 16.12.19 പ്രകാരം വാങ്ങിയ സാധനങ്ങളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | അളവ് | നിരക്ക് (കിഗ്രാംന്) | ആകെ വില | സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തൽ |
|---|---|---|---|---|
| കടല | 176കിഗ്രാം | 59 | 10384 | 176കി.ഗ്രാം(പേജ്19) |
| ഉഴുന്നു പരിപ്പ് | 245കി ഗ്രാം | 112 | 27440 | രേഖപ്പെടുത്തിയിട്ടില്ല |
| ചെറുപയർ | 198കി ഗ്രാം | 90 | 17820 | 198കി.ഗ്രാം (പേജ് 19) |
| അരി-കുറുവ | 140 കി ഗ്രാം | 35 | 4900 | 140 കി ഗ്രാം (പേജ് 20) |
| | | ആകെ | 60544രൂപ | |

പ്രസ്തുത സാധനങ്ങൾക്കൊപ്പം ഇറക്കിയ മറ്റ് സാധനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | അളവ് | ബിൽ നമ്പർ (സപ്ലൈകോ) |
|---|---|---|
| കേര വെളിച്ചെണ്ണ | 220 കിഗ്രാം | SUP/1303901/19/769, 01.01.2020 |
| റവ | 2850കി ഗ്രാം | SUP/1303901/19/721, 10.12.19 |
| എള്ള് | 70 കിഗ്രാം | SUP/1303901/19/721, 10.12.19 |
| ചെറുപയർ പരിപ്പ് | 245കി ഗ്രാം | SUP/1303901/19/721, 10.12.19 |
| വെല്ലം | 119 കി ഗ്രാം | SUP/1303901/19/721. 10.12.19 |
| അവിൽ | 140 കിഗ്രാം | SUP/1303901/19/721, 10.12.19 |
| നിലക്കടല | 117കി ഗ്രാം | SUP/1303901/19/721, 10.12.19 |

| | |
|---|---|
| ആകെ അളവ് | 3761കി ഗ്രാം |

12/2019 ലെ സാധനങ്ങൾ ഇറക്കിയ ട്രാൻസ്പോർട്ടേഷൻ കോൺട്രാക്ടർക്ക് (കുറുവ അരിയുടെത് ഒഴികെ) 4135 കി ഗ്രാം (3761+176(കടല), 198(ചെറുപയർ)) സാധനങ്ങൾ ഇറക്കുന്നതിന് കി ഗ്രാമിന് 3.20 രൂപ നിരക്കിൽ 13232 രൂപയാണ് അനുവദിച്ചത്. ഇതിൽ 245 കിഗ്രാം ഉഴുന്ന പരിപ്പ് ഉൾപ്പെടുന്നില്ല. സൂപ്പർവൈസർ നല്കിയ ഇന്റന്റിലും പ്രസ്തുത ഇനം വരുന്നില്ല.
ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 1/07.02.22 ന് മറുപടിയായി ഉഴുന്ന പരിപ്പ് വാങ്ങിയിട്ടില്ലെന്നും സപ്ലൈകോയിൽ നിന്നും തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

സപ്ലൈ ചെയ്യാത്ത സാധനങ്ങളുടെ വിലയായി നല്കിയ 27440 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരിച്ചടക്കേണ്ടതും സാധനങ്ങളുടെ സ്റ്റോക്ക് വിവരങ്ങൾ കൃത്യമായി പരിശോധിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-48 അംഗൻവാടി പോഷകാഹാരം- സപ്ലൈകോ വിതരണം ചെയ്യുന്നത് ബ്രാൻഡഡ് സാധനങ്ങൾ-ഗ്രാമപഞ്ചായത്തിന് അധിക ബാധ്യത വരുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ , പേര് | 59/20,അംഗൻവാടി പോഷകാഹാര വിതരണം |

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ഭക്ഷ്യവസ്തുക്കൾ വാങ്ങിയത് ആദ്യ മാസം ചെറുതാഴം നീതി സ്റ്റോറിൽ നിന്നും പിന്നീട് സിവിൽ സപ്ലൈ കോർപ്പറേഷനിൽ നിന്നുമാണ്. നീതി സ്റ്റോറിൽ നിന്നും വാങ്ങിയ ഭക്ഷ്യവസ്തുക്കൾക്ക് ജി എസ് ടി ബാധകമായിരുന്നില്ല. എന്നാൽ സപ്ലൈകോ യിൽ നിന്നും വാങ്ങിയ ഇനങ്ങൾ ബ്രാൻഡഡ് സാധനങ്ങളായതിനാൽ ജിഎസ് ടി ഇനത്തിൽ തുക നല്കേണ്ടി വന്നിട്ടുണ്ട്. ബ്രാൻഡഡ് സാധനങ്ങളുടെ വിലയും നീതി സ്റ്റോറിൽ നിന്നു വാങ്ങിയ സാധനങ്ങളുടെ വിലയും തമ്മിൽ വലിയ വ്യത്യാസം ഉണ്ടെന്നാണ് ബില്ലുകളുടെ പരിശോധനയിൽ നിന്നും വ്യക്തമായത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വില/കിഗ്രാം | | റിമാർക്സ് |
|---|---|---|---|
| | നീതി കൺസ്യൂമർ സ്റ്റോർ-ഏഴിലോട്(5/2019) | സപ്ലൈകോ(8/19) | |
| ചെറുപയർ പരിപ്പ് | 96/കി ഗ്രാം | 119.25/കി ഗ്രാം | സപ്ലൈകോ-ശ്രേയസ് ബ്രാൻഡ്-113.57+ 5% ജി എസ് ടി |
| വെളിച്ചെണ്ണ | 175/കി ഗ്രാം | 189.16/കി ഗ്രാം | കേര വെളിച്ചെണ്ണ |
| നിലക്കടല | 125/കി ഗ്രാം | 172.37/കി ഗ്രാം | 12%ജി എസ് ടി ഉൾപ്പെടെ |
| എള്ള് | 190/കി ഗ്രാം | 203.49/കി ഗ്രാം | സപ്ലൈകോ-എലൈറ്റ് ബ്രാൻഡ്-193.8+5%ജി എസ് ടി |
| ശർക്കര(വെല്ലം) | 44/കി ഗ്രാം | 74.05/കി ഗ്രാം | സപ്ലൈകോ-ശ്രേയസ് ബ്രാൻഡ്-₹74.05 |
| റവ | 42/കിഗ്രാം | 55.98/കി ഗ്രാം | സപ്ലൈകോ- |

| | | | |
|---|---|---|---|
| | | | ശ്രേയസ് ബ്രാൻഡ്- 53.31+ 5% ജി എസ് ടി |
| അവൽ | 52/കി ഗ്രാം | 67.2/കി ഗ്രാം | .. |

സ്വകാര്യ കമ്പനികളുടെ സാധനങ്ങൾ കൂടിയ വിലയിൽ സപ്ലൈകോയിൽ നിന്ന് വാങ്ങുന്നത് ശരിയായ നടപടിയല്ല. ബ്രാൻഡഡ് അല്ലാത്ത സാധനങ്ങൾ നല്കാതെ, പാക്ക്ഡ് ഇനങ്ങൾ നല്കുന്നതിലൂടെ സ്വകാര്യകമ്പനികളെ സഹായിക്കുന്ന തരത്തിലുള്ള പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്. തുടർ നടപടികൾക്കായി വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 നിലവിലുള്ള കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾക്ക് പർമ്മിറ്റ് ഫീസ് കുറവായി ഈടാക്കി-207 രൂപ വരവ് നഷ്ടം

2019 ലെ കേരളാ പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 9 പ്രകാരം 150m2 വരെ Built-Up Area ഉള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീയുടെ 50% ഈടാക്കിയാൽ മതി. എന്നാൽ നിലവിലുള്ള കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾ വരുമ്പോൾ ആകെയുള്ള Built-Up Area (Existing+Proposed), 150m2 ന് മുകളിൽ ആണെങ്കിൽ കൂട്ടിച്ചേർത്ത ഭാഗത്തിന് മുഴുവനായും പെർമിറ്റ് ഫീ വാങ്ങേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന കൂട്ടിച്ചേർക്കുന്നതിനുള്ള അപേക്ഷയിൽ ആകെയുള്ള Permit Area (Existing+Proposed) കണക്കാക്കാതെയാണ് പെർമിറ്റ് ഫീ ഈടാക്കിയിരിക്കുന്നത്.

| പെർമിറ്റ് രജിസ്റ്ററിലെ ക്രമ നമ്പർ | കെട്ടിട ഉടമയുടെ പേര് | പെർമിറ്റ് അപേക്ഷ നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണം | ഈടാക്കിയ പെർമിറ്റ് ഫീസ് | ഈടാക്കേണ്ടിയിരുന്ന പെർമിറ്റ് ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 547 | നല്ലൂർ വീട്ടിൽ കൃഷ്ണൻ | 8141/19 Dated 07.12.2019 | Ex.GF – 111.59<br>Prop. FF – 59.52<br>Total – 171.11<br>Additional Area – 59.52 | 210<br>(59.52 X 3.5) | 417<br>(59.52 X 7) | 207 |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 37 തീയതി 11.02.2022) മറുപടിയായി കുറവ് വന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 2-2 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നത്-150രൂപ വരവ് നഷ്ടം

ഗ്രാമ പഞ്ചായത്തിലെ 2019-20 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

1) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ അപാകതകൾ കാണാൻ സാധിച്ചു.

| ക്രമ നം | സ്ഥാപനം | പേര് | തസ്തിക | അർദ്ധ വർഷം | ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|
| 1 | വചന ജ്യോതി | വൽസ | നഴ്സ് | I | 72,000 | 450 | 600 | 150 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | സോഷ്യൽ സെന്റർ | വിൽസൺ | | | | | | |
| 2 | വാദിഹുദ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് & അഡ്വാൻസ്ഡ് സ്റ്റഡീസ് | പുരുഷോത്തമൻ എം വി | അസിസ്റ്റന്റ് പ്രൊഫസർ | I | 74,000 | 450 | 600 | 150 |

മേൽപ്പറഞ്ഞ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 17 തീയതി 08.02.2022) മറുപടിയായി മേൽ പട്ടികയിലെ ക്രമ നമ്പർ 1 ലെ ജീവനക്കാരിയുടെ കുറവ് വന്ന തുക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ക്രമ നമ്പർ 2 ലെ ജീവനക്കാരനിൽ നിന്ന് കുറവ് വന്ന തുക (150രൂപ) ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വിതരണം ചെയ്യാത്ത സാധനത്തിന്റെ വില നല്കി- 27440രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ , പേര് | 59/20,അംഗൻവാടി പോഷകാഹാര വിതരണം |
| അടങ്കൽ | ₹3956000 (₹1256000-വികസന ഫണ്ട്-ജനറൽ, ₹1700000-കേന്ദ്രാവിഷ്കൃത വിഹിതം, ₹1000000-തനതു ഫണ്ട്) |
| ചെലവ് | ₹39,56,000 |

ചെലവിന്റെ വിശദാംശങ്ങൾ

| ബിൽ / ചെക്ക് നമ്പർ , തീയതി | തുക |
|---|---|
| 2/11.07.19 | 724068 |
| 3/15.09.19 | 89360 |
| 4/17.09.19 | 248876 |
| 5/21.10.19 | 36373 |
| 7/28.11.19 | 48617 |
| 9/24.12.19 | 23765 |
| 12/06.01.2020 | 24626 |
| 14/25.02.2020 | 27727 |
| 15/13.03.2020 | 32588 |
| **ആകെ** | **₹12,56,000** |
| 1855804/18.10.19 | 298265 |
| 1855808/14.11.19 | 314324 |
| 1855809/14.11.19 | 101735 |
| | |

| | |
|---|---|
| 1855810/28.11.19 | 401629 |
| 4856788/12.02.20 | 187045 |
| 4856785/7.02.20 | 438530 |
| 4856787/10.02.20 | 340191 |
| 4856800/23.03.20 | 451549 |
| 24606/23.03.20 | 39231 |
| 24605/23.03.20 | 122725 |
| 24604/23.03.20 | 4776 |
| ആകെ | **₹27,00,000** |
| **ആകെ മൊത്തം** | **₹12,56,000+ ₹27,00,000=₹39,56,000** |

പദ്ധതിയുടെ ഭാഗമായി സപ്ലൈകോയിൽ നിന്നും ബിൽ നമ്പർ Sup/1303901/19/749 തീയതി 16.12.19 പ്രകാരം വാങ്ങിയ സാധനങ്ങളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | അളവ് | നിരക്ക് (കിഗ്രാംന്) | ആകെ വില | സ്റ്റോക്ക് രജിസ്റ്റർ ലെ രേഖപ്പെടുത്തൽ |
|---|---|---|---|---|
| കടല | 176കിഗ്രാം | 59 | 10384 | 176കി.ഗ്രാം(പേജ്19) |
| ഉഴുന്നു പരിപ്പ് | 245കി ഗ്രാം | 112 | 27440 | രേഖപ്പെടുത്തിയിട്ടില്ല |
| ചെറുപയർ | 198കി ഗ്രാം | 90 | 17820 | 198കി.ഗ്രാം (പേജ് 19) |
| അരി-കുറുവ | 140 കി ഗ്രാം | 35 | 4900 | 140 കി ഗ്രാം (പേജ് 20) |
| | | ആകെ | 60544രൂപ | |

പ്രസ്തുത സാധനങ്ങൾക്കൊപ്പം ഇറക്കിയ മറ്റ് സാധനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | അളവ് | ബിൽ നമ്പർ (സപ്ലൈകോ) |
|---|---|---|
| കേര വെളിച്ചെണ്ണ | 220 കിഗ്രാം | SUP/1303901/19/769, 01.01.2020 |
| റവ | 2850കി ഗ്രാം | SUP/1303901/19/721, 10.12.19 |
| എള്ള് | 70 കിഗ്രാം | SUP/1303901/19/721, 10.12.19 |
| ചെറുപയർ പരിപ്പ് | 245കി ഗ്രാം | SUP/1303901/19/721, 10.12.19 |
| വെല്ലം | 119 കി ഗ്രാം | SUP/1303901/19/721. 10.12.19 |
| അവിൽ | 140 കിഗ്രാം | SUP/1303901/19/721, 10.12.19 |
| നിലക്കടല | 117കി ഗ്രാം | SUP/1303901/19/721, 10.12.19 |
| ആകെ അളവ് | 3761കി ഗ്രാം | |

12/2019 ലെ സാധനങ്ങൾ ഇറക്കിയ ട്രാൻസ്പോർട്ടേഷൻ കോൺട്രാക്ടർക്ക് (കുറുവ അരിയുടെത് ഒഴികെ) 4135 കി ഗ്രാം (3761+176 (കടല), 198(ചെറുപയർ)) സാധനങ്ങൾ ഇറക്കുന്നതിന് കി ഗ്രാമിന് 3.20 രൂപ നിരക്കിൽ 13232

രൂപയാണ് അനുവദിച്ചത്. ഇതിൽ 245 കിഗ്രാം ഉഴുന്ന പരിപ്പ് ഉൾപ്പെടുന്നില്ല. സൂപ്പർവൈസർ നല്കിയ ഇൻഡന്റിലും പ്രസ്തുത ഇനം വരുന്നില്ല.

ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 1/07.02.22 ന് മറുപടിയായി ഉഴുന്ന പരിപ്പ് വാങ്ങിയിട്ടില്ലെന്നും സപ്ലൈകോയിൽ നിന്നും തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സപ്ലൈ ചെയ്യാത്ത സാധനങ്ങളുടെ വിലയായി നല്കിയ 27440 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരിച്ചടക്കേണ്ടതും സാധനങ്ങളുടെ സ്റ്റോക്ക് വിവരങ്ങൾ കൃത്യമായി പരിശോധിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 07.02.22 | കെ എസ് എ/കെ എൻ ആർ /സി 2-233 /2022 തീയതി 12.04.2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കല്ല്യാശേരി ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 527000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി,36/20 | 527000 | 0 |
| | | 3209000 | ലൈഫ് മിഷൻ - ഭൂരഹിത ഭവന രഹിതർക്ക് ഭവന നിർമ്മാണം, 45/20 | 10,20,000 | 2189000 |
| | | 3449461 | ലൈഫ് മിഷൻ- ഭവന നിർമ്മാണം - ജനറൽ, 191/20 | 1800000 | 1649461 |
| | | 88000 | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി, 115/20 | 85000 | 3000 |
| | | 500000 | ക്ഷീരകർഷകർക്ക് പാലുല്പാദനത്തിന് ധനസഹായം, 101/20 | 500000 | 0 |
| | | 475000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, 60/20 | 475000 | 0 |

| | | | | | |
|---|---|---|---|---|---|
| | | **8248461** | | **4407000** | **3841461** |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2019-20 | 875500 | നെൽക്കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി,36/20 | 875500 | 0 |
| | | 92000 | പാലിയേറ്റീവ് കെയർ , 38/20 | 92000 | 0 |
| | | 475000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, 60/20 | 475000 | 0 |
| | | **1442500** | | **1442500** | |

1.പ്രോജക്ട് നമ്പർ 106/20 , അംഗൻവാടികൾക്ക് കുഴൽക്കിണർ നിർമ്മാണം എന്ന പ്രോജക്ടിനായി ചെലവഴിച്ച 30000രൂപ ബ്ലോക്ക് പഞ്ചായത്ത് വഴി സാമൂഹ്യനീതി വകുപ്പിൽ നിന്നു ലഭിച്ച തുകയാണ്.

2.അരുംഭാഗം കുടിവെള്ള പദ്ധതിക്കായി 2018-19 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 1000000രൂപ 2018-19 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പിൽ ഉൾപ്പെടുത്തിയിരുന്നില്ല.ആയത് 2019-20 ൽ ജേണൽ എൻട്രി ചെയ്ത് വരവിലെടുക്കുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.(പ്രോജക്ട് നമ്പർ 169/20)

3. നെൽകൃഷി കൂലിച്ചെലവ് സബ്സിഡി നല്കുന്നതിനായി 2016-17 സാമ്പത്തിക വർഷം ലഭിച്ച 450000രൂപ നാളിതുവരെ ചെലവഴിക്കുകയോ തിരിച്ചടക്കുകയോ ചെയ്തിട്ടില്ല.

വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി മുൻവർഷങ്ങളിലുൾപ്പെടെ ലഭിച്ച തുകയിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റ് | അംഗൻവാടി കളിൽ കുഴൽക്കിണർ നിർമ്മാണം, 106/20 | ₹60000- ബിൽ നം/തീയതി 35/18.3.20 ₹30000- വൗച്ചർ നം. 21901165/11.3.20 | 90000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി യിട്ടില്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി യിട്ടില്ല |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ഏഴിലോട് മത്സ്യമാർക്കറ്റിൽ കുഴൽക്കിണർ നിർമ്മാണം, 139/20 | ചെക്ക് നമ്പർ 1855779/2.07.19 | 28000 | 24780 | 3220രൂപ തിരിച്ചടച്ചി ട്ടുണ്ട്. |
| കെ എസ് ഇ ബി | ഭാസ്കരൻപീടിക പടന്നപ്പുറംസ്ട്രീറ്റ് ലൈറ്റ് എക്സ്റ്റെൻഷൻ, 198/20 | ചെക്ക് നമ്പർ 32675/05.03.20 | 107100 | 107100 | .. |
| കെ എസ് ഇ | ഇലക്ട്രിക്ക്പോസ്റ്റ് | 33088/26.03.20 | 20431 | വിനിയോഗ | വിനിയോഗ |

| | | | | | |
|---|---|---|---|---|---|
| ബി | ഷിഫ്റ്റിംഗ്, 210/20 | 33089/26.03.20 | 9753 | വിവരങ്ങൾ ലഭ്യമല്ല | വിവരങ്ങൾ ലഭ്യമല്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്ത് വായ്പയെടുത്തിട്ടില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം.തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ.274/2010/ ത.സ്വ.ഭ.വ./27-01-2010 1,20,00,000 രൂപ വായ്പയെടുക്കാൻ | 1,17,98,500 | 406245 | 406245 | - | 0 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ,ഇൻവെസ്റ്റ്മെന്റുകൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,09,13,071 |
| തൻവർഷം നിക്ഷേപിച്ച തുക | 7,89,132(*) |
| ആകെ | 1,17,02,203 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 1,17,02,203 |

**(*)**ഓരോ നിക്ഷേപവും പലിശ സഹിതം പുതുക്കുകയാണ് ചെയ്യുന്നത്. കേരള ഗ്രാമീൺ ബാങ്കിൽ നിന്നു ലഭിച്ച പലിശ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ തുക കൃത്യമാണോ എന്ന് വ്യക്തമല്ല.

**<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നമ്പർ/ നിക്ഷേപിച്ച തീയതി | കാലയളവ് | തുക | ലഭിച്ച പലിശ |
|---|---|---|---|---|---|
| 1 | മാടായി സർവീസ് സഹകരണ ബാങ്ക് | 0202111128184/ 17-12-2014 (ഓരോ വർഷവും പുതുക്കുന്നതായി റസീറ്റിന്റെ പുറകിൽ രേഖപ്പെടുത്തുന്നു) | 1 വർഷം | 18,43,923 | 1,40,530 |
| 2 | കേരള ഗ്രാമീൺ ബാങ്ക് | കൃത്യമായ വിവരങ്ങൾ | 1വർഷം | 1,61,144 (എഫ് ഡി റസീറ്റിലെ | ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| | | ലഭ്യമല്ല | | രേഖപ്പെടുത്തലുകളിൽ വ്യക്തതയില്ല.) | |
| 3 | ചെറുതാഴം സർവീസ് സഹകരണ ബാങ്ക് | 0302121401179/ 5-3-2019 | 46 ദിവസം കൂടുമ്പോൾ പുതുക്കുന്നു | 96,77,136 | 617090 |
| 4 | മലബാർ ടൂറിസം ഡവലപ്പ് മെന്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയിലെ ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 4397 മെമ്പർ നം 108 | | | 20000 | |
| | | | ആകെ | ₹1,17,02,203 | |

ഗ്രാമപഞ്ചായത്തിൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഓരോ വർഷവും നിക്ഷേപിക്കുന്ന തുക, ലഭിക്കുന്ന പലിശ, നിക്ഷേപ കാലയളവ് , പലിശ നിരക്ക് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ തയ്യാറാക്കി പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. മേൽപ്പട്ടികയിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും എടുത്ത ഷെയർ സർട്ടിഫിക്കറ്റ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പ്രകാരം 2019-20 സാമ്പത്തിക വർഷം ഈയിനത്തിൽ വരവില്ല. വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ 600രൂപ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 2 | 2001-02 | V-13-2 | പോഷകാഹാര വിതരണ പദ്ധതി ചെലവ് | പരാമർശം നിലനില്ക്കുന്നു |
| 2014-15 | 2-4<br>2-5<br>2-7<br>2-9 | 2016-17 | 2 | തൊഴിൽ നികുതി | ,, |
| 2015-16 | 2-2 | 2016-17 | 2 | ,, | ,, |
| 2016-17 | 2-1 | 2017-18 | 1-13(3) | സർക്കാർ അനുമതിയില്ലാതെയും രേഖാമൂലമല്ലാതെയും പഞ്ചായത്ത് സ്ഥലം ഡി.ടി.പി.സി(കണ്ണൂർ) ന് കൈമാറി. “വിപ്ര | തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | കായൽ ഫ്ലോട്ടിംഗ് പാർക്ക് " നടത്തിപ്പ്- നിയമങ്ങളും ചട്ടങ്ങളും പാലിക്കാതെ. | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,99,87,935 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,51,10,070 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 357 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹27,440 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹33,20,923.50 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1(1-16) | 207 | | ശ്രീ. സി എം ഹരിദാസ്, സെക്രട്ടറി |
| 2-2(1-19) | 150 | | ശ്രീ. സി എം ഹരിദാസ്, സെക്രട്ടറി |
| 3-1(1-47) | | 27440 | ശ്രീമതി രമ കുറ്റിക്കാട്ടിൽ, ഐസിഡിഎസ് സൂപ്പർവൈസർ |
| ആകെ | ₹357 | ₹27440 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 90000 | ശ്രീ. സി എം ഹരിദാസ്, സെക്രട്ടറി |
| 1-29 | 129200 | ശ്രീ. സി എം ഹരിദാസ്, സെക്രട്ടറി |
| 1-30 | 95380 | ശ്രീ. സി എം ഹരിദാസ്, സെക്രട്ടറി |
| 1-33 | 440000 | ശ്രീ. സി എം ഹരിദാസ്, സെക്രട്ടറി |
| 1-34 | 477786 | ശ്രീ. ഷാജ്. ടി ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-35 | 83520 | ശ്രീ. ഷാജ്. ടി ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-36 | 17,00,000 | ശ്രീ നാരായണൻ പി, കൃഷി ഓഫീസർ |
| 1-41 | 20266.5 | ശ്രീ ദിജേഷ് കെ, ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |
| 1-42 | 14,851 | ഡോ.രഞ്ജിത്ത് കുമാർ ടി, മെഡിക്കൽ ഓഫീസർ , എഫ് എച്ച് സി |
| 1-43 | 169920 | ഡോ.രഞ്ജിത്ത് കുമാർ ടി, മെഡിക്കൽ ഓഫീസർ , എഫ് എച്ച് സി |
| 1-44 | 100000 | ഡോ.രഞ്ജിത്ത് കുമാർ ടി, മെഡിക്കൽ ഓഫീസർ , എഫ് എച്ച് സി |
| | ₹33,20,923.50 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-6-2 മുതൽ 1-6-5 വരെ |

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സി എം ഹരിദാസ്, സെക്രട്ടറി | സെക്രട്ടറി,വളപട്ടണം ഗ്രാമപഞ്ചായത്ത് | ചേണിച്ചേരി മൂലയിൽ,പടന്നപ്പുറം,പി ഒ വിളയാങ്കോട് |
| ശ്രീ.ഷാജു. ടി ആർ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, നഗലശ്ശേരി ഗ്രാമപഞ്ചായത്ത്, പാലക്കാട് ഗ്രാമപഞ്ചായത്ത് | തെക്കേകളത്തിൽ ഹൗസ്, ദേശമംഗലം ,തൃശ്ശൂർ |
| ശ്രീ നാരായണൻ പി, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ചെറുതാഴം ഗ്രാമപഞ്ചായത്ത് | പുതിയ ഇല്ലം, ശ്രീസ്ഥ, പഴയങ്ങാടി |
| ശ്രീ ദിജേഷ് കെ, ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ, തലശ്ശേരി | രശ്മി, നിയർ ഇടക്കേപ്പുറം എൽ പി സ്കൂൾ, ചെറുകുന്ന് |
| ഡോ.രഞ്ജിത്ത് കുമാർ ടി, മെഡിക്കൽ ഓഫീസർ , എഫ് എച്ച് സി | മെഡിക്കൽ ഓഫീസർ , എഫ് എച്ച് സി , ചെറുതാഴം | സ്വസ്തി, നിയർ സത്യൻ ആർട്സ് ക്ലബ് ഗ്രൗണ്ട്,അന്നൂർ |
| ശ്രീമതി രമ കുറ്റിക്കാട്ടിൽ | ഐ സി ഡി എസ് സൂപ്പർവൈസർ,തലശ്ശേരി മുനിസിപ്പാലിറ്റി | തരിപ്പമലയിൽ,പാലയാട് നട,ഇരിങ്ങൽ, വടകര |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1992-93,93-94 | കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19 | 1 |
| **1998-99** | കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19 | 2 |
| 1999-2000 | കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19 | 1 |
| 2000-01 | കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19 | 2 |
| 2001-02(പദ്ധതി) | കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി | 5 |

| | | |
|---|---|---|
| | 13.06.19 | |
| 2003-04 | കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19 | 7 |
| 2004-05 | കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19 | 4 |
| 2005-06 | കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19 | 1 |
| 2007-08 | കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19 | 6 |
| 2008-09 | കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19 | 6 |
| 2009-10 | കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19 | 5 |
| 2010-11,11-12 | കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19 | 21 |
| 2012-13,13-14 | കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19 | 3 |
| 2014-15 | കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19 | 14 |
| 2015-16 | കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19 | 16 |
| 2016-17 | കെ എസ് എ/ കെ എൻ ആർ/ സി2-798/2019 തീയതി 13.06.19 | 11 |
| 2017-18 | കെ എസ് എ/ കെ എൻ ആർ/ സി2-80/2020 തീയതി 11.06.20 | 14 |
| 2018-19 | കെ എസ് എ/ കെ എൻ ആർ/ സി2-463/2020(1)തീയതി 11.01.21 | 7 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം3

## ധനകാര്യ പത്രികകൾ

**1.**ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| **Cheruthazham Grama Panchayat BALANCE SHEET** | | | |
| As on 31.03.2020 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 55631750.57 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 51316.00 |
| 312000000 | Reserves | B-3 | 50038156.00 |
| | **Total Reserve & Surplus** | | **105721222.57** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6663755.00 |
| | **Total Grants, Contributions for Specific Purposes** | | **6663755.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 0.0 |
| | **Total Loans** | | **0.0** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 2942198.00 |
| 350000000 | Other Liabilities | B-9 | 2668529.80 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **5610727.80** |
| | **TOTAL LIABILITIES** | | **117995705.37** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 135014995.00 |
| 411000000 | Accumulated Depreciation | B-11 | -41308807.63 |
| 412000000 | Capital Work in Progress | B-11(a) | 26744.00 |
| | **Total Fixed Assets** | | **93732931.37** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 11702203.00 |
| | **Total Investments** | | **11702203.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 18391.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 9941297.00 |
| 460000000 | Loans, Advances and Deposits | B-18 | 2600883.00 |
| | **Total Current Assets, Loans and Advances** | | **12560571.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | | | |

| | | |
|---|---|---|
| | TOTAL ASSETS | **117995705.37** |

**2.ഇൻകം & എക്സ് പെൻറിച്ചർ സ്റ്റേറ്റ്മെന്റ്**

| Cheruthazham Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 8712671.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 2846064.00 |
| 140000000 | Fee & User Charges | I-4(b) | 1787972.00 |
| 150000000 | Sale & Hire Charges | I-5(b) | 425707.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 98813525.00 |
| 170000000 | Income from Investments | I-7 | 769132.00 |
| 171000000 | Interest Earned | I-8 | 98921.00 |
| 180000000 | Other Income | I-9 | 6796.00 |
| | **Total Income** | | **113460788.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 11341336.00 |
| 220000000 | Administrative Expenses | I-11(b) | 1215079.00 |
| 230000000 | Operations & Maintenance | I-12(b) | 1805212.00 |
| 240000000 | Interest & Finance Charges | I-13 | 1326.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9633360.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 38553300.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2280426.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 4519250.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 24812120.00 |
| 255000000 | Maintenance Projects | I-14(e) | 6502697.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 0.0 |
| 270000000 | Provisions and Write off | I-16 | 2566.00 |
| 272000000 | Depreciation | I-17(a) | 11626203.00 |
| | **Total Expenditure** | | **112292875.00** |
| | **Gross Surplus/ Deficit of income over Expenditure** | | **1167913.00** |
| 280000000 | Prior Period Item | I-18 | -10030322.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **11198235.00** |
| | | | |

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

### 3.റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Cheruthazham Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 5063432.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1811740.00 |
| 130000000 | Rental income from Panchayat Properties | RP-3 | 15000.00 |
| 140000000 | Fees & User Charges | RP-4 | 1086822.00 |
| 150000000 | Sale & Hire Charges | RP-5 | 317357.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 42070517.00 |
| 171000000 | Interest Earned | RP-9 | 98842.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 12934037.00 |
| 350000000 | Other Liabilities | RP-36 | 594229.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 6796.00 |
| 311000000 | Earmarked Funds | RP-29 | 44454.00 |
| 340000000 | Deposits Received | RP-34 | 291613.00 |
| 350000000 | Other Liabilities | RP-36 | 911929.00 |
| 360000000 | Provisions | RP-37 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 9640848.00 |
| 460000000 | Loans, Advances and Deposits | RP-47 | 163751.00 |
| | **Grand total** | | **75051367.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 4402718.00 |
| 220000000 | Administrative Expenses | RP-12 | 1215079.00 |
| 230000000 | Operations & Maintenance | RP-13 | 1385728.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7899272.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 17094832.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1479059.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 4519250.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 363720.00 |
| 255000000 | Maintenance Projects | RP-20 | 6502697.00 |
| | | | |

| | | | |
|---|---|---|---|
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 0.0 |
| 280000000 | Prior Period item | RP-26 | -9490.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 40991.00 |
| 340000000 | Deposits Received | RP-34 | 0.0 |
| 350000000 | Other Liabilities | RP-36 | 7069328.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 1326.00 |
| 280000000 | Prior Period Item | RP-26 | -29510.00 |
| 311000000 | Earmarked Funds | RP-29 | 11000.00 |
| 330000000 | Secured Loans | RP-32 | 406245.00 |
| 340000000 | Deposits Received | RP-34 | 328031.00 |
| 350000000 | Other Liabilities | RP-36 | 2449915.00 |
| 410000000 | Fixed Assets | RP-38 | 1600469.00 |
| 412000000 | Capital work in Progress | RP-40 | 6616749.00 |
| 460000000 | Loans, Advances and Deposits | RP-47 | 1762661.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 9857907.00 |
| Cash | Cash | RP-40(b) | 83390.00 |
| | **Grand Total** | | **75051367.00** |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ